# ഓരം

സ്റ്റുഡന്റ്സ് മാഗസിൻ

കെ.എം.ഒ കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, 2018–2020 ബാച്ച്




Chief Editor :
Dr. U.K.Mohammed
Staff Editor :
Ms. Bhavina K
Student Editor :
Dhilrooba M

Advisory Board :
Mrs. Jyothsna E
Mrs. Nishitha S.S
Mrs. Shamna K
Mrs. Umaimath T.K
Mr. Anand T.M

Magazine Team :
A.P.M Basheer Hudawi
Shahid Ramzan T.P
Jithin Chandran T.K
Haritha .S.S
Amal Fathima K.K.C
Sunaina Beevi C.P.K
Rivansha Nasreen
Shadiya K
Archana Sajeev
Anna Ruphus

Cover & Lay out:
Midhlaj Elettil

ZainCo
Digital Consultancy

PP Tower, 2nd Floor, Omassery, India
+91 9995 095 619, +91 9744 910 582
hello@zaincodc.com | www.zaincodc.com



## സമർപ്പണം

അതിജീവനത്തിനായി പോരാടുന്ന
മണ്ണിന്റെ മക്കൾക്ക്,
സ്വജീവൻ പണയപ്പെടുത്തി നമുക്ക്
കരുതലാകുന്ന ആരോഗ്യപ്രവർത്തകർക്ക്.

# Messages...

Click or Scan for Podcast



**കെ.ടി ജലീൽ**

Minister for Higher Education,
Welfare of Minorities

കൊടുവള്ളി കെ.എം.ഒ ബി.എഡ് കോളേജിലെ അദ്ധ്യാപക വിദ്യാർത്ഥികളുടെ 'അം' എന്ന കോളേജ് മാഗസിൻ വ്യത്യസ്തമായ ആശയങ്ങളാലും തീക്ഷ്ണമായ ചിന്തകളാലും സമൃദ്ധമാണ്. വികാര വിചാരങ്ങൾ ഭാഷയിലൂടെ സംവദിക്കുന്ന ഈ ഉപഹാരം സർഗ്ഗ ശേഷിയേയും വൈജ്ഞാനിക ബോധത്തേയും ശാക്തീകരിക്കുമെന്നതിൽ തർക്കമില്ല. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്ന ഇത്തരം കലാസാഹിത്യ സംരംഭങ്ങൾ തീർച്ചയായും എന്തുകൊണ്ടും പ്രോത്സാഹജനകമാണ്. എന്റെ എല്ലാവിധ ആശംസകളും 'അം' എന്ന കോളേജ് മാഗസിന് നേരുന്നു. വർത്തമാന കാലത്തിന്റെ അടയാളപ്പെടുത്തലായി ഈ മാഗസിൻ മാറട്ടെ....



**യു.കെ മുഹമ്മദ്**
Principal, KMO BEd College

Click or Scan for Podcast

കെ.എം.ഒ കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ 2018–20 ബാച്ചിന്റെ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നതിൽ അനല്പമായ ചാരിതാർത്ഥ്യമുണ്ട്. ഈ ബാച്ചിലെ ഓരോരുത്തരും വ്യത്യസ്ത സർഗ്ഗ സിദ്ധികളുടെ ഉടമകൾ ആണെന്ന് എനിക്കറിയാം. അതുകൊണ്ടുതന്നെ വൈവിധ്യമാർന്ന നിങ്ങളുടെ സർഗവൈഭവങ്ങളുടെ ഒരു സമാഹാരം ആയിരിക്കും ഈ മാഗസിൻ എന്ന് പ്രത്യേകം പറയേണ്ടതില്ല. ഈ മഹാ യജ്ഞത്തിൽ അണിചേർന്ന എല്ലാ സർഗ്ഗപ്രതിഭകൾക്കും, എഡിറ്റോറിയൽ അംഗങ്ങൾക്കും എന്റെ സർവ്വ വിധ ആശംസകളും നേരുന്നു.



**Thanikal Muhammed Master**
Convenor, KMO BEd College

Click or Scan for Podcast

It gives me immense pleasure to hear that KMO B.Ed College Union is publishing its annual magazine for the academic year 2018-‘19

The teachers education institution, plays an indispensable role in developing the personality of teachers as teachers are the most important component of the education system on which all other entities depends.

I congratulate the Principal, Teachers, Students and Staffs in general and the Editorial Board involving the College Union Chairman and the College Magazine Editor in particular for their efforts and tremendous contributions in making the event a very big success.



**M.Bava**
Manager, KMO

Click or Scan for Podcast

I am very happy to know that you have decided to bring out the magazine despite all the challenges this year.I admire the effort and dedication behind it and extend my best wishes for the work.






'അം'..
എല്ലാം അടങ്ങുന്നത്,
ഉൾക്കൊള്ളുന്നത്... അറിവ് പോലെ...
അറിവ് ഒന്നിൽ ഒതുങ്ങുന്നതല്ല... അറിയും തോറും അത്
ഏറിക്കൊണ്ടേയിരിക്കും...
ഈ മാഗസിനിൽ കുറിക്കുന്ന ഒരോ വരികളും
അതുപോലെ അറിവും അർത്ഥവും നിറഞ്ഞതാവട്ടെ...
കലാലയ ജീവിതത്തിൽ നിങ്ങൾ നേടിയ നന്മകൾ
നിങ്ങളുടെ വാക്കുകൾക്ക് വഴികാട്ടട്ടെ.

സ്നേഹപൂർവ്വം
ഭവിന.കെ
സ്റ്റാഫ് എഡിറ്റർ

Click or Scan for Podcast





ഒഴിഞ്ഞുകിടന്നിരുന്ന ആ ക്ലാസ് മുറി, അവിടേക്ക് '2018–20 ബാച്ച്' എന്ന പേരിൽ അവർ അമ്പതുപേരെത്തി. അവർ ഓരോരുത്തർക്കും അവരുടേതായ കഴിവുകളും താല്പര്യങ്ങളും കാഴ്ച്ചപ്പാടുകളുമൊക്കെയുണ്ട്. അവരുടെ വൈവിധ്യമാർന്ന അനുഭവവും ചിന്തയും ഭാവനയുമെല്ലാം കഥയായ് കവിതയായ് ഹാസ്യമായ് സൃഷ്ടികളിലൂടെ ഒത്തുചേരുകയാണ് 'അം'ഇലൂടെ. അതെ 'അം' അതെല്ലാം ഉൾക്കൊള്ളുന്നു.

സ്നേഹപൂർവ്വം
**ദിൽറുബ.എം**
സ്റ്റുഡന്റ് എഡിറ്റർ


Click or Scan for Podcast





# OUR MANAGEMENT



P.T.A RAHEEM MLA
(PRESIDENT)



T.K PAREEKUTTI HAJI
(G.SECRETARY)



E.C CHERIYAMED HAJI
(TREASURER)




# MAGAZINE COMMITTEE



# അകത്താളുകളിൽ..

## ഓർത്തെടുത്തത്...


12 ഓർമ്മകളിലെ ബിഎഡ്
16 ബാല്യം
17 ഒരു ടീച്ചിംഗ് പ്രാക്ടീസ് അനുഭവം
18 ഓർമ്മകൾ
20 ഈ മൂക സന്ധ്യയിൽ നമ്മൾ
21 നിനക്കായ് തോഴാ
22 എന്റെ ആദ്യത്തെ സ്കൂട്ടർ യാത്ര
24 മൺമറഞ്ഞ കൂട്ടുകാരി


## അരുത്...


28 മനുഷ്യമൃഗം
28 ലഹരി
29 കറുപ്പ്


## ബാക്കി വെച്ചതെന്ത്?


31 കാഴ്ച്ചകൾ
32 ഖനന വീഥിയിൽ കെ കെ മുഹമ്മദിനൊപ്പം
34 കാടിന്റെ രോദനം
35 ആഗോളവൽക്കരണം മാറുന്ന സംസ്കാരം
38 ഭാഗ്യവാൻ
39 ഉപ്പാക്കൊരു കത്ത്
40 അവഗണിക്കപ്പെടുന്ന വാർദ്ധക്യം
41 സ്വപ്ന സുന്ദരി



31 വരയും കുറിയും
48 യൂണിയൻ റിപ്പോർട്ട്
34 ഉപസംഹാരം

ഭാഗം ഒന്ന്

# ഓർത്തെടുത്തത്

Click or Scan for Podcast

# ഓർമ്മകളിലെ ബിഎഡ്

അൽഫിന എം.എസ്

**പ്രായത്തിനു മുതിർന്നവരെ പേര് വിളിക്കാൻ പഠിച്ചത് ഇവിടെ നിന്നായിരുന്നു. ജിതിൻ ചന്ദ്രനെ ചേട്ടാ എന്നു വിളിച്ചപ്പോൾ ചേട്ടാ എന്നു വിളിച്ച് പ്രായം  കൂട്ടരുതെന്ന മറുപടി എന്നെ പിന്നെ ഞങ്ങളുടെ ബാച്ചിലെ ആർക്കും എന്നെക്കാൾ പ്രായം കൂട്ടാൻ അനുവദിച്ചില്ല.**





മലബാർ ക്രിസ്ത്യൻ കോളേജിൽ ഡിഗ്രി കഴിഞ്ഞ് എം.എസ്.സിക്ക് പോവാൻ കരുതിയിരുന്ന ഞാൻ ഒരിക്കലും പ്രതീക്ഷിച്ചതായിരുന്നില്ല   കെ.എം.ഒയിൽ എത്തുമെന്ന്. ചെറിയ ചെറിയ എഴുത്തുകളും ടാലൻറ് ഡേയും നന്നായി ബോധിച്ചതുകൊണ്ട് എം.എസ്.സിക്ക് കിട്ടിയിട്ടും, ചേച്ചിയെ പോലെ എന്നോട് നദ എം.എസ്.സിക്ക്  പോകാൻ നിർദേശിച്ചിട്ടും കെ.എം.ഒയിൽ നിന്ന് പോവാൻ മനസ്സ് അനുവദിച്ചില്ല. ബി.എഡ് ശരിക്കും മഹാസാഗരം ആണ്, രാത്രികൾ പകലുകളാക്കി മാറ്റുന്ന മായാജാലം. കോളേജിൽ ആദ്യം പരിചയപ്പെട്ടത് ദിവ്യചേച്ചിയെ ആയിരുന്നു. ഏത് പ്രതിസന്ധിയെയും ചെറുപുഞ്ചിരിയോടെ നേരിടുന്ന ചേച്ചി എന്നും ഒരു മാതൃകയായിരുന്നു. പ്രായത്തിനു മുതിർന്നവരെ പേര് വിളിക്കാൻ പഠിച്ചത് ഇവിടെ നിന്നായിരുന്നു. ജിതിൻ ചന്ദ്രനെ ചേട്ടാ എന്നു വിളിച്ചപ്പോൾ ചേട്ടാഎന്നു വിളിച്ച് പ്രായം  കൂട്ടരുതെന്ന മറുപടി എന്നെ പിന്നെ ഞങ്ങളുടെ ബാച്ചിലെ ആർക്കും എന്നെക്കാൾ പ്രായം കൂട്ടാൻ അനുവദിച്ചില്ല. ക്ലാസിൽ വന്നതിനുശേഷം ഏഴാം ക്ലാസ് പത്താം ക്ലാസ് തുല്യതാ പരീക്ഷ എഴുതിയ ഹുദവി ബഷീർ, അച്ചൻ പട്ടത്തിനു പഠിക്കാൻ പോയ ഡെന്നി പോൾ ഇവർ എനിക്ക് അതിശയങ്ങൾ ആയിരുന്നു. എന്തെന്നുവെച്ചാൽ ഇതുവരെയുള്ള ജീവിതത്തിൽ ഒരു ഹുദവിയുടെ കൂടെയോ അച്ചൻ പട്ടത്തിന് പഠിക്കാൻ പോയവരുടെ കൂടെയോ ഇടപഴകിയിട്ടിലായിരുന്നു. പരിചയമുള്ളവരും ഇല്ലായിരുന്നു.`ലേറ്റായി



വന്താലും ലേറ്റസ്റ്റാ വരുവേ എന്ന ഗെയിമിലൂടെ എല്ലാവരുടേയും ശ്രദ്ധ പിടിച്ചു പറ്റി ആ ഗെയിം തന്നെ തിരിച്ചു പണികൊടുത്ത ഷാഹിദ് റംസാൻ, പാതിവഴിക്ക് കോഴ്സ് നിർത്തിപ്പോയ അനീസ് എന്നിവരായിരുന്നു ഞങ്ങളുടെ ബാച്ചിലെ 5 സിംഗങ്ങൾ. ഫിസിക്കൽ സയൻസിൽ ആരെയും പരിചയപ്പെടാൻ പറ്റാത്തതിനാൽ മാത്സ് ഓപ്ഷനിലെ കെ.എം.ഒയുടെ വാനമ്പാടി അർച്ചന സജീവ്, അമൃത, ആകാശ് മോൾ എന്നിവരായിരുന്നു ചങ്ക്സ്. ആരും അങ്ങോട്ടു മിങ്ങോട്ടും പരിചയം ഇല്ലാതിരുന്നപ്പോൾ മുഖത്തേക്ക് നോക്കുമ്പോൾ പുഞ്ചിരി വാരിവിതറുന്ന ആഷ്‌ലിയെ കാണുമ്പോൾ ഏറെ സന്തോഷം തോന്നിയിരുന്നു.

കോളേജിൽ ഫസ്റ്റ് പിരീഡ് നിഷിത മിസ്സിന്റെ സൈക്കോളജി ക്ലാസ്സിൽ മനസ്സ് മനസ്സിലാക്കാനുള്ള ടിപ്സ് കാത്തിരുന്ന ഞാൻ പഠിച്ചത് പിയാഷെയുടെയും ബ്രൂണറുടെയും തിയറികളുടെ ശൃംഖലകൾ ആയിരുന്നു. ഉമൈമത്ത് മിസ്സിന്റെ തത്വചിന്തയും പ്രിൻസിപ്പാൾ ഡോക്ടർ യു.കെ.മുഹമ്മദ് സാറിന്റെ സ്കൂൾ ഓർഗനൈസേഷൻ വിദ്യാർത്ഥി സെമിനാറുകളും ഷബീർ സാറിന് പകരം വന്ന ആനന്ദ് സാറിന്റെ ഫിസിക്കൽ എജുക്കേഷനും ഞങ്ങളെ നല്ല അധ്യാപകർ ആക്കാനുള്ള വഴികളിലെ നാഴികക്കല്ലുകളായിരുന്നു. ഭൂഗോളത്തിന്റെ സ്പന്ദനം ഷംനാ മിസ്സിന്റെയും മാനവരാശിയുടെ ചരിത്രം ഭവിന മിസ്സിന്റെയും ലിറ്ററേച്ചർ ജ്യോത്സ്നാ മിസ്സിന്റെയും ശാസ്ത്രം ലിഞ്ജിനാ മിസ്സിന്റെയും കൈകളിൽ സുരക്ഷിതമായിരുന്നു. എല്ലാവരെയും രാവിലെ വരവേൽക്കുന്ന ഹംസ്സക്കയും ലൈബ്രറിയിലെ സോമേട്ടനും സ്മിത ചേച്ചിയും ചായ തരുന്ന വിലാസിനി ചേച്ചിയും ഇല്ലാതെ കെ.എം.ഒ കോളേജ് അങ്കണം പൂർണമാകില്ല.

ഫിസിക്കൽ സയൻസിനെ കുറിച്ച് പറയുകയാണെങ്കിൽ ലിഞ്ജിനാ മിസ്സിന് ഞങ്ങൾ 12 മുത്തുമണികളാണുള്ളത്. അമീന ഇവിടെ അൺലിമിറ്റഡ് ബഡായി, ചളികൾ സുലഭമാണ്. വായ കൊണ്ട് കെ.എം.ഒയെ പ്രകമ്പനം കൊള്ളിച്ചാലും ബാക്കിയുള്ളവരുടെ ശബ്ദം സഹിക്കാൻ പറ്റാത്ത ആതിര. എല്ലാം പഠിച്ച് തലയിൽ കേറ്റിയിട്ട് ഒന്നും പഠിച്ചില്ല എന്ന് നടിക്കുന്ന അൽ പഠിപ്പി രശ്മി. ടോക്ക് റാണി ശദ. എന്തൊക്കെയാണെങ്കിലും സ്നേഹത്തോടെയും ക്ഷമയോടെയും സംസാരിക്കുന്ന സിൽന. ഞങ്ങളുടെ തലൈവി നദ. ആർമി ഓഫീസറുടെ ഏക പുത്രി ഹർഷിന ഫെബിൻ. ടീച്ചിംഗ് പ്രാക്ടീസിനിടയിൽ പുഷ്പം പോലെ ഡെലിവറി കഴിഞ്ഞു വന്ന സുനൈന. രണ്ടു വീട്ടിൽനിന്ന് വരുകയാണെങ്കിലും ഞങ്ങൾക്ക് ഇരട്ടക്കുട്ടികളായ സെബയും റഹീനയും. ബെഞ്ചിൽ നിന്ന് എണീക്കുമ്പോൾ മെച്യൂരിറ്റി എവിടുന്നോ വരുന്ന തസ്നി. പിന്നെ ഞാനും. ഇതായിരുന്നു ഫിസിക്കൽ സയൻസ്.

ഫസ്റ്റ് സെമസ്റ്റർ പകുതിയും പ്രളയം കൊണ്ടു പോകുന്നതിനിടയിൽ ഞങ്ങൾ ഓണാഘോഷവും വയനാട്ടിലേക്ക് ഒരു ഫീൽഡ് ട്രിപ്പ് explorika 2k19 നും നടത്തി. സെക്കൻഡ് സെമസ്റ്റർ ഞങ്ങളുടെ ദിവസങ്ങളായിരുന്നു. ക്രിസ്മസ് സെലിബ്രേഷൻ, ഇനീഷ്യേറ്ററി, റോബോറ 2k19, സ്പോർട്സ്, ആർട്സ്, ടൂർ, ക്യാമ്പ്.

**പിന്നീട് നടന്ന ഇലത്താളം ആർട്സ് ഫെസ്റ്റ് പറയാതെ വയ്യ ഗംഭീരമായിരുന്നു. എന്തുകൊണ്ടോ ഞങ്ങളുടെ ഊരാളി ടീം ഞങ്ങൾക്ക് ഒരു സ്വകാര്യ അഹങ്കാരമായിരുന്നു. ഹരിത, മിനു, രശ്മി, ഞാൻ, ദിൽറൂബ, അന്ന, ശാദിയ, റാസിന, ധന്യ ചേച്ചി, അനുശ്രീ,ഡെന്നി പിന്നെ സീനിയേഴ്സും ആയിരുന്നു ടീം മെമ്പേഴ്സ്. ഒരാഴ്ചകൊണ്ട് പ്രാക്ടീസ് ചെയ്ത് സ്റ്റേജിൽ കയറിയതും ഒരു മാർക്ക് വ്യത്യാസത്തിൽ കപ്പ് നഷ്ടമായതും.. ഒരു ഓർമ.**




ഇനീഷ്യേറ്ററിക്ക് ഞങ്ങൾ പത്ത് പേർ പരപ്പൻപൊയിൽ സ്കൂളിലായിരുന്നു. ആതിര, സുനൈന, ഹരിത, മിനു, കാശ്മീര, ദിവ്യ ചേച്ചി, ഡെന്നി, അന്ന, ദിൽറുബ പിന്നെ ഞാനും. സ്കൂളും കുട്ടികളും പരിചിതമാകുന്നത് അന്നായിരുന്നെങ്കിലും ഒരുമിച്ചുള്ള ദിവസങ്ങളിൽ ഓരോരുത്തർക്കും വന്ന മാറ്റങ്ങൾ ഞങ്ങളിൽ ഒരു ചർച്ചാവിഷയമായിരുന്നു.

കായികമേളയിൽ നാലു ചാട്ടം കൊണ്ട് ട്രാക്ക് തീർത്ത് വൺ മാൻ ഷോ കാണിച്ച റംസാനും പെൺകുട്ടികളിൽ നാജിഷയും തിളങ്ങി. ബാക്കിയുള്ളവരെ മിന്നിക്കാൻ റിഫ്രഷ്മെന്റ് കമ്മിറ്റി കലക്കി എടുത്ത ചെറുനാരങ്ങാ വെള്ളം ട്രാക്കിൽ മാത്രമല്ല ബാത്ത്റൂമിലും എല്ലാവരെയും മിന്നിച്ചു.

പിന്നീട് നടന്ന ഇലത്താളം ആർട്സ് ഫെസ്റ്റ് പറയാതെ വയ്യ ഗംഭീരമായിരുന്നു. എന്തുകൊണ്ടോ ഞങ്ങളുടെ ഊരാളി ടീം ഞങ്ങൾക്ക് ഒരു സ്വകാര്യ അഹങ്കാരമായിരുന്നു. ഹരിത, മിനു, രശ്മി, ഞാൻ, ദിൽറൂബ, അന്ന, ശാദിയ, റാസിന, ധന്യ ചേച്ചി, അനുശ്രീ,ഡെന്നി പിന്നെ സീനിയേഴ്സും ആയിരുന്നു ടീം മെമ്പേഴ്സ്. ഒരാഴ്ചകൊണ്ട് പ്രാക്ടീസ് ചെയ്ത് സ്റ്റേജിൽ കയറിയതും ഒരു മാർക്ക് വ്യത്യാസത്തിൽ കപ്പ് നഷ്ടമായതും.. ഒരു ഓർമ. കെ.എം.ഓയുടെ വാർഷികത്തോടനുബന്ധിച്ച് നടന്ന റോബോറ 2k19 ഓരോ ദിവസവും നടന്ന ഓരോ ക്ലബ് ആക്ടിവിറ്റി ചിന്തിപ്പിച്ചും ചിരിപ്പിച്ചും കടന്നുപോയി. ഓരോ പ്രോഗ്രാമിനും സ്റ്റേജ് മനോഹരമാക്കുന്ന ശാദിയ, റിവാൻഷ, സെബ, റഹീന,ശ്രുതി, ഷിഫാന ഇവരെ എടുത്തുപറയേണ്ടതാണ്.

അതിനുശേഷം കാത്തിരുന്ന ടൂർ. ഒരേ സമയം അഥീലയ്ക്ക് സന്തോഷവും സങ്കടവും. ടൂർ പോകുന്ന ദിവസം അമ്മയാവാൻ പോകുന്നു എന്ന സന്തോഷവും ടൂറിന് വരാൻ കഴിയാത്ത സങ്കടവും. കോളേജിലെ നാത്തൂൻ മാരാണ് അഥീലയും അസ്മയും.

ടൂർ പോയ ബസ് ബ്രേക്ക് ഡൗൺ ആയതു മുതൽ പിറ്റേദിവസം പല്ല് തേക്കാതെ പലഹാരങ്ങൾ വാരിതിന്നതും റാസിന സ്റ്റാർസിന ആയതും മീശ വരച്ചതും പുറത്തു പറയാതെ നമ്മളിൽ ഒതുങ്ങിയ കാര്യങ്ങൾ വിദ്യാർത്ഥി ശ്രദ്ധ ആകർഷിച്ച സാമൂഹ്യ വൽക്കരണവും ഡാൻസ് മാസ്റ്റർ ജിതിന്റെയും നിഹാല മാഡത്തിന്റെയും സ്റ്റെപ്പും ബാക് സീറ്റിലെ നാജിഷ, സിൽന, സഫ്വാന, ഹബീബ, മസ്ന, ഫെമിൻ, ശ്രുതി, ഷഹനാസ് എന്നിവരുടെ ബഡായിയും അയ്റ്റാ കഥ കേൾക്കാൻ പോകുന്ന ജിതിനും ബഷീറും ട്രോൾ മാസ്റ്റർ റംസാനും ഇതൊന്നും ബാധിക്കാത്ത ഡെന്നിയും

ഫുൾ ടൈം ഫൺ വിത്ത് ഡാൻസുമായി ഹരിത, അന്ന, ആതിര, ശദ, മിനു, കാശ്മീര, രശ്മി, ആഷ്‌ലി, ഷിഫാന, അനുശ്രീയും. സെൻമേരിസ് ഐലൻഡിലേക്കുള്ള ബോട്ട് യാത്രയും സ്റ്റെപ്പുകൾ കയറി മതിയായ മുല്ല്യാനഗിരി പീക്കും ജീപ്പ് റൈഡിങ്ങും ഗോൾഡൻ ടെമ്പിളും

Z പോയിന്റിൽ Z തിരഞ്ഞതും ജെറി വെള്ളച്ചാട്ടത്തിൽ ഓരോരുത്തരെയും പിടിച്ചു വെള്ളത്തിൽ പതിപ്പിച്ചതും എനിക്ക് കിട്ടേണ്ട പണി ചെറിയൊരു അശ്രദ്ധ കാരണം രജ്മിത്തായെ ഫൂലൻദേവിയാക്കിയതും പ്രതികാരത്തിനായി കാത്തിരുന്ന് രജ്മിത്തായുടെ മുന്നിൽ റംസാൻ പെട്ടതും ഒരു തിരിച്ചുവരവ് ഇല്ലാത്തപക്ഷം വെള്ള ടീ ഷർട്ട് നിറം മാറിയതും നനഞ്ഞവർ മുഴുവൻ ഫസ്റ്റ് ട്രെക്കിംഗ് ജീപ്പിൽ കയറിയതും ബാംബൂ ഫോറസ്റ്റിൽ നിന്ന് ഇറങ്ങിയതിനു ശേഷം തിരിച്ചു കയറാൻ ടിക്കറ്റ് ചോദിച്ച മലയാളം അറിയാത്ത സെക്യൂരിറ്റിയോട് ഞാനും അർച്ചന പി യും സംസാരിച്ചൊപ്പിച്ചതും ഞങ്ങൾ യാത്ര തിരിക്കുന്ന ദിവസം രാത്രി 12 മണിക്ക് ശേഷം പിറന്നാളാഘോഷിച്ചതും ഇന്നലെ നടന്ന പോലെ മനസ്സിൽ തെളിയുന്നു.

ഈ സെമസ്റ്ററിലെ അവസാനത്തെ പ്രോഗ്രാം ആയിരുന്നു അഞ്ചുദിവസത്തെ വേനൽ ചില്ല സഹവാസക്യാമ്പ്. ഉറക്കമില്ലാത്ത രാത്രികളും ടൈം ലാഗ് ഇല്ലാത്ത പ്രോഗ്രാമും നാട്ടുപൊലികയുടെ നാടൻ പാട്ടും വെള്ളത്തിന്റെ കുറവ് നനയും കുളിയും ഇല്ലാത്തവർക്ക് വരദാനമായതും റമീസ ജഹാൻ, ലിസ്ന, റഹീന, ഷബ്ന എന്നിവരുടെ നേതൃത്വവും അതുവരെ മിണ്ടാതിരുന്ന കഥാകാരി കവയത്രി അമൽ ഫാത്തിമയെ അടുത്തറിഞ്ഞതും ഞങ്ങളുടെ കൂടെ ആയിരുന്നിട്ടും റമീസ്ക്കാക്ക് ഒരു സൈ്വര്യവും കൊടുക്കാത്ത നജിലയും ഞങ്ങളുടെ കബഡിയിൽ റഫറി ആയിരുന്ന റംസാനും ഉമ്മച്ചി മാത്രം പറയുന്നത് കേൾക്കുന്ന ബഷീർമോനും സൈക്കോ ജിതിന്റെ ഉയിർത്തെഴുന്നേല്പും വാർത്തകൾ എഴുതാൻ സമയം ഉറങ്ങാൻ പോയ ഡെന്നിയെ വിളിച്ചു വരുത്തിയതും ന്യൂസ് ഫീഡ് എഴുതിയെഴുതി ഉറങ്ങാൻ സമയം ഇല്ലാത്തതിനാൽ ഞാനും ഹരിതയും അർച്ചന സജീവും രജ്മിത്തായും ജിതിനും സൊള്ളിയിരുന്നതും ഗേൾസ് ഒരുമിച്ച് ഉറങ്ങിയതും മിനുവിന്റെയും ശദയുടെയും നടുവിൽ കിടന്ന് അടി ഉണ്ടാക്കിയതും ഫാനിന് കച്ചറ കൂടിയതും രാവിലെ എണീക്കാൻ റാസിന വായയിട്ടലച്ചതും കൃത്യത പാലിക്കാൻ സെബ ഭീഷണിപ്പെടുത്തിയതും യോഗയും കാലു പൊട്ടിയിട്ട് പരിഹാരം ചോദിച്ചു എന്ന് ബഷീറും വീഡിയോ എടുക്കാൻ ഓടിയ റംസാനും, അതിരാവിലെ നടന്ന് ടർഫിൽ പോയതും അത്താണി സന്ദർശനവും മാനാഞ്ചിറ ചുറ്റിയതും ക്യാമ്പിന്റെ അവസാനരാത്രി ചെറിയ കാര്യത്തിന് ഒരക്ഷരം മിണ്ടാതെ വടിപോലെ നിന്ന ക്യാമ്പ് കോഡിനേറ്റർ ഡെന്നിയും ക്യാമ്പ് ഫയറിൽ ഞങ്ങളോടൊപ്പം മിസ്സുമാരും കൂടിയ ഗ്രാൻഡ് തിരുവാതിരയും അതിനിടയിൽ ഹബീബയുടെ ഹസ്ബൻഡ് വന്നതും നാടകക്കളരിയിലെ വിവിധ കലാകാരന്മാരുടെയും കലാകാരികളുടെയും ഭാവഭേദങ്ങളും ക്യാമ്പിനെ അതി മനോഹരമാക്കി.

തേർഡ് സെമസ്റ്റർ ഞങ്ങൾ പലരും പല വഴിക്ക് പിരിഞ്ഞു. ടീച്ചിംഗ് പ്രാക്ടീസിന് ഞാനും സിൽന ചേച്ചിയും കോരങ്ങാട് സ്കൂളിലായിരുന്നു. കുട്ടികളുടെ അടുത്തുനിന്നും തിരിച്ചുവരാൻ ഇഷ്ടമല്ലാത്തതിനാൽ നാല് മാസത്തെ ട്രെയിനിങ് ആറുമാസം ആയിരുന്നെങ്കിൽ എന്നാശിച്ചു പോയിരുന്നു. റെക്കോർഡും ചാർട്ടും ലേണിങ് എയ്ഡും അസൈൻമെന്റും രാത്രികളെ പകലാക്കാൻ പഠിപ്പിച്ചു. പതുക്കെ അത് ഞങ്ങളിലെ സ്കൂൾ ഓർമ്മകളെ മായ്ക്കാൻ തുടങ്ങി. പുലിപോലെ വന്ന കമ്മീഷൻ എലിപോലെ പോയതും ഒരു ആശ്വാസമായി.

ഫോർത്ത് സെമസ്റ്ററിൽ ക്രിസ്മസ് അവധി കഴിഞ്ഞ് വന്നപ്പോൾ മുതൽ ഞങ്ങളെ ഫിസിക്കൽ സയൻസിലെ ലിഞ്ജിനാ മിസ്സിനെ കാണാതായതും ഏറെ പരിശ്രമത്തിനും തിരച്ചിലിനുമൊടുവിൽ മിനു മിസ്സിനെ കിട്ടിയതും പിന്നീട് ക്ലാസുകളിൽ ലുഡോ മാനിയ വന്നതും ഫിസിക്കൽ സയൻസ് പ്രഗ്നൻസി വാർഡ് ആയതും ഉറക്കത്തിന് സ്വസ്ഥത കിട്ടാൻ ലൈബ്രറി തേടി പോയതും, വേറെ ഏത് ക്ലാസിൽ കയറി ഇല്ലെങ്കിലും എക്സ്പീരിയൻസ് ഷെയറിങ് ക്ലാസ് മിസ്സ് ആക്കാത്തതും, പറയാതെ പറഞ്ഞതും ആരുമറിയാതെ മൊട്ടിട്ട പ്രണയങ്ങൾ പിറന്നതും കളികളും ചിരികളും മൗനങ്ങളും വെറുപ്പിക്കലുകളും സ്പോർട്ടി ഫെസ്റ്റോ സ്പോർട്സും എക്താര ആർട്സും ഞങ്ങളെ ബാൻസുരി ഗ്രൂപ്പിനെ മറ്റുള്ള ഗ്രൂപ്പ് ഒറ്റപ്പെടുത്തിയതും വൺ ഡേ ട്രിപ്പ് ടു ഊട്ടിയും കണ്ണീരിൽ കുതിർന്ന സാരി കഥയും സമയത്തെ ശരവേഗം മാർച്ചിൽ എത്തിച്ചു. ക്ലാസിലെ 49 പേരെയും പരിചയപ്പെടുത്തി ഒരാളെ മാത്രം കിട്ടാതെ വന്നപ്പോഴാണ് ഞാൻ മനസ്സിലാക്കിയത് അൻപതാം ആൾ അത് ഞാനായിരുന്നു എന്ന്, പേര് അൽഫിന എം.എസ് ഫിസിക്കൽ സയൻസ് റോൾ നമ്പർ 22.

ഞങ്ങളുടെ ബി.എഡ് ലൈഫിലെ അവസാനമാസമായ മാർച്ച് സൂപ്പർഫാസ്റ്റായി പോയിക്കൊണ്ടിരിക്കുമ്പോഴാണ് ലോകം മൊത്തം പിടിച്ചുകുലുക്കിയ കൊറോണ വൈറസ് കേരളത്തിലും പിടികൂടിയതെന്ന് അറിയുന്നത്. ഒരു സ്വപ്ന ലോകത്ത് എന്ന പോലിരിക്കുന്ന എന്നോട് പെട്ടെന്നാണ് അനുശ്രീ പറയുന്നത് നമ്മുടെ ഈ ബി.എഡ് ലൈഫ് ഇതാ ഇവിടെ കഴിഞ്ഞെന്നും ഇനി എക്സാമിന് കാണാമെന്നും. ഇനിയെന്ത് ചെയ്യണമെന്നറിയാതെ ഒരു നിമിഷം നിശ്ചലമായി.. കുറച്ചു ദിവസങ്ങൾ കൂടിയേ കോളേജിൽ ഉണ്ടാവു എന്ന് അറിയാമായിരുന്നിട്ടും പെട്ടെന്ന് ഇങ്ങനെ ഒരു ഇറങ്ങിപ്പോക്ക് ഉണ്ടാവുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. ഓർക്കാപ്പുറത്ത് ഒരു ദിവസം കോളേജിന്റെ ആരും അല്ലാതായി മാറിയ ബാച്ച് ഞങ്ങൾ ആയിരിക്കും. ഇനി ആ ക്ലാസ് മുറികളിൽ പഴയതുപോലെ ഇരിക്കാനാവില്ലെന്ന സത്യം ഉൾക്കൊള്ളാനാവാതെ കെ.എം.ഒ അങ്കണത്തിൽ നിന്നും ഞങ്ങൾ പടികളിറങ്ങി ഒരു യാത്രാമൊഴികൾ പോലുമില്ലാതെ.....

Click or Scan for Podcast



# ബാല്യം

ആകാശ് മോൾ.ടി.ടി

എങ്ങോ മറഞ്ഞ രാവിൻ മാറിൽ
മങ്ങിമറഞ്ഞെൻ ബാല്യം
പൂക്കളും ശലഭവും വസന്തത്തിൻ
കഥതൻ ചെപ്പുതുറന്നപ്പോൾ
ഓർക്കുന്നു... ഞാൻ
ഇന്നലെയുടെ വേനലിൽ
കൊഴിഞ്ഞ.. ബാല്യത്തെ
കിളിതൻ കൊഞ്ചൽ
പാടുന്ന പുഴകളും
വയലോലതൻ നിത്യസൗന്ദര്യവും
ഓർക്കുന്നു ഞാനാ സുഖമുള്ള
ബാല്യത്തെ
ഓർമയിൽ നിറവേറും പുണ്യകാലം
ഓർക്കുന്നു ഞാനാദ്യാക്ഷരം
കുറിച്ച ആ നിമിഷം
പൊഴിയുന്ന ഇലകൾ...
കിനാവുകൾ ജീവിത താളിൽ മറയുന്നു
ബാല്യത്തിൽ സൗന്ദര്യം.
ഓർമകൾ ചിറകേറി
പോകുവാൻ കൊതിക്കുന്നു
ഞാനാ... വസന്തകാലത്തിലേക്ക്.

Click or Scan for Podcast

# ഒരു ടീച്ചിംഗ് പ്രാക്ടീസ് അനുഭവം

അസ്മ ജൗഹറ

**പുറത്തേക്കിറങ്ങിയ ഉടനെ മിഠായി അവന്റെ കയ്യിൽ തിരികെ വച്ചു കൊടുത്തു. ഇതു നീ അന്ന് വരച്ച ചിത്രത്തിനുള്ള സമ്മാനമാണെന്ന് പറഞ്ഞതും ആ കുഞ്ഞു കൈകൾ എനിക്ക് മുൻപിൽ കൂപ്പി നിൽപ്പുണ്ടായിരുന്നു. തിരിഞ്ഞു നടക്കുമ്പോൾ ഞാൻ കണ്ണുനീർ തുടക്കുന്നത് അവൻ കാണാതിരിക്കട്ടെ എന്ന പ്രാർത്ഥനയായിരുന്നു എനിക്ക്.**

കാര്യമായ കണക്കുകൾ പഠിപ്പിക്കുമ്പോൾ തന്റെ കലാവാസനക്ക് കരുത്ത് പകരുകയായിരുന്നു ഒരു വിരുതൻ. അതും കണക്ക് നോട്ട്ബുക്കിൽ. സെന്റിമീറ്ററും മില്ലിമീറ്ററും ഒന്നും ഒരു വിധത്തിലും അവനെ സ്വാധീനിച്ചു കാണില്ല. അപമാനത്തിന്റെയും അമർഷത്തിന്റെയും സർവ്വ വേലിക്കെട്ടുകളും തകർത്ത് അടക്കിപ്പിടിച്ചിരുന്ന മുഴുവൻ ദേഷ്യവും പുറത്തേക്ക് ചാടി. നിഷ്കളങ്കമായ കുറേ കണ്ണുനീർത്തുള്ളികൾ മനോഹരമായി വരച്ചെടുത്ത ആ ചിത്രത്തിനെ കുതിർത്തു കളഞ്ഞതല്ലാതെ ഒരു ഫലവും പിന്നീട് ആലോചിച്ചപ്പോൾ എനിക്കു തോന്നിയില്ല.

കുഞ്ഞേ... ക്ലാസിൽ ഇരുന്ന് വരയ്ക്കരുത്. ഒഴിവുസമയങ്ങളിൽ വരയ്ക്കണം. ഭംഗിയായി വരച്ചിട്ടുണ്ട് എന്നൊക്കെ വരാന്തയിലൂടെ അവന്റെ ചുമലിൽ കൈവച്ചു നടക്കുമ്പോൾ പറയാൻ ഞാൻ മറന്നില്ല. അത്ഭുതത്തോടെയും അതിലേറെ സ്നേഹത്തോടെയും അവനെന്നെ നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല.

അങ്ങനെ ഒരു ദിവസം ഓരോരുത്തരായി വന്ന് 30 ദിവസം ടീച്ചിംഗ് പ്രാക്ടീസിനു വന്ന അദ്ധ്യാപികയായ എന്നെ കുറിച്ചുള്ള അവരവരുടെ അഭിപ്രായങ്ങളും, അനുഭവങ്ങളും പറഞ്ഞു കൊണ്ടേയിരുന്നു. അടുത്തത് നമ്മുടെ കഥാപാത്രത്തിന്റെ ഊഴമാണ്. അവൻ കൂടുതൽ ഒന്നും സംസാരിച്ചില്ല. എന്റെ നേർക്ക് തിരിഞ്ഞ് കയ്യിലിരുന്ന മിഠായി എന്റെ കയ്യിലേക്ക് ചേർത്ത് വച്ചിട്ടു പറഞ്ഞു, ടീച്ചറെ എനിക്കൊത്തിരി ഇഷ്ടമാ.. എന്റെ കയ്യിൽ ഇതേ തരാനുള്ളൂ! അമ്പരപ്പ് പുറത്തു കാണിക്കാതെ ഞാൻ എന്റെ കയ്യിലേക്ക് നോക്കി. എല്ലാവർക്കുമായി ഞാൻ വാങ്ങിക്കൊടുത്ത അതേ മിഠായി. അത് അവൻ കഴിച്ചില്ല. പ്രിയപ്പെട്ട അദ്ധ്യാപികയ്ക്കു വേണ്ടി മാറ്റിവെച്ചതാവാം.

പുറത്തേക്കിറങ്ങിയ ഉടനെ മിഠായി അവന്റെ കയ്യിൽ തിരികെ വച്ചു കൊടുത്തു. ഇതു നീ അന്ന് വരച്ച ചിത്രത്തിനുള്ള സമ്മാനമാണെന്ന് പറഞ്ഞതും ആ കുഞ്ഞു കൈകൾ എനിക്ക് മുൻപിൽ കൂപ്പി നിൽപ്പുണ്ടായിരുന്നു. തിരിഞ്ഞു നടക്കുമ്പോൾ ഞാൻ കണ്ണുനീർ തുടയ്ക്കുന്നത് അവൻ കാണാതിരിക്കട്ടെ എന്ന പ്രാർത്ഥനയായിരുന്നു എനിക്ക്.

Click or Scan for Podcast

# ഓർമ്മകൾ

അമൽ ഫാത്തിമ കെ.കെ.സി

'ആഹ്!' അവൾ പതുക്കെ ഞെരങ്ങി. വേദനകൾ ഇപ്പോൾ സർവ്വസാധാരണമാണ്. ശരീരം പതുക്കെ അതിന് കീഴ്പ്പെട്ടുകൊണ്ടിരിക്കുന്നു. കാലുകൾക്ക് ചലനശേഷി നഷ്ടപ്പെട്ടു. ഭാഗ്യം! അസുഖം മനസ്സിനെയും കൈകളെയും ബാധിച്ചിട്ടില്ല. വർഷങ്ങളായി തുടരുന്ന ഈ കിടപ്പിനിടയിൽ ചിന്തിച്ചു കൂട്ടിയത് ഒരുപാടാണ്. ഒരു നിമിഷം അനുഭവമാകുമ്പോൾ അടുത്ത നിമിഷം അതോർമ്മയാവുന്നു. ഓടിനിടയിലൂടെ അരിച്ചിറങ്ങുന്ന സൂര്യപ്രകാശം മുറികളിൽ അലങ്കാരം സൃഷ്ടിച്ചു. അവൾ എപ്പോഴും സ്വപ്നലോകത്ത് സഞ്ചരിക്കാനാണ് ഇഷ്ടപ്പെടുന്നത്. പറക്കാൻ ചിറകുകൾ വേണമെന്നില്ലല്ലോ, ഉള്ളിലൊരു ആകാശം ഉണ്ടായാലും മതിയല്ലോ?

'ചേച്ചി......' സുമ നീട്ടിവിളിച്ചു. അവൾ പതുക്കെ തലയുയർത്തി നോക്കി. 'ചേച്ചി ഇങ്ങനെ ആലോചിച്ചു കിടക്കാല്ലേ!' കിടപ്പ് തുടങ്ങിയത് മുതൽ കൂടെ സുമയുമുണ്ട്. എല്ലാറ്റിനും അവളാണ് ഒരു സഹായം. 'എന്നെയൊന്ന് ജനാലയ്ക്കരികിലേക്ക് മാറ്റോ കുട്ടീ?'. പതുക്കെ



**ഓർമ്മകൾ കണ്ണിനെ കുളിരണിയിച്ചു. പതുക്കെ കണ്ണുകളടച്ചു കിടന്നു. കാതുകളിൽ കിളിയൊച്ച നേർത്തു വന്നു. വണ്ടികൾ നിരത്തിലൂടെ ചീറിപ്പായുന്ന ശബ്ദം മാത്രം കാതുകളിൽ മുഴങ്ങുന്നു. തിരക്കുള്ള ഒരു ബസിൽ കമ്പിയിൽ തൂങ്ങി നിൽക്കുകയാണ്, അടുത്തുള്ള സീറ്റ് ഒഴിയുന്നതും കാത്ത്.**



ചോദിച്ചു. 'അതിനെന്താ ചേച്ചി......' സുമ പതുക്കെ ജനാലയ്ക്കരികിലേക്കു നീക്കി. അവളുടെ മുഖത്ത് നോക്കി പുഞ്ചിരിക്കുമ്പോൾ മനസ്സ് പതുക്കെ പിറകോട്ട് നടന്നു. ജനാലയിലൂടെ പുറത്തേക്കു നോക്കിയപ്പോൾ കണ്ണിലുടക്കിയത് തൊടിയിലെ പുളിമരം. വർഷങ്ങളായി തലയുയർത്തി നിൽക്കുന്ന പടുകൂറ്റൻ മരം. ചെറുപ്പത്തിൽ എത്രയോവട്ടം അതിൽ വലിഞ്ഞു കയറിയതാണ്. തൊടി മുഴുവൻ കളിച്ചുല്ലസിച്ചു നടന്നാലും അവസാനം ചെന്നെത്തുക പുളിമരത്തിലേക്കാണ്. കൂടെ കളിക്കാൻ ഒരുപാട് കുട്ടികളും കാണും. അമ്മയുടെ ശാസനകളും കളിക്കാൻ വേണ്ടി ആരും കാണാതെയുള്ള ഓട്ടവും പുഴയിൽ പോയി മീൻ പിടിക്കലും എല്ലാം മനസ്സിൽ നിറഞ്ഞിരിക്കുന്നു.

ഓർമ്മകൾ കണ്ണിനെ കുളിരണിയിച്ചു. പതുക്കെ കണ്ണുകളടച്ചു കിടന്നു. കാതുകളിൽ കിളിയൊച്ച നേർത്തു വന്നു. വണ്ടികൾ നിരത്തിലൂടെ ചീറിപ്പായുന്ന ശബ്ദം മാത്രം കാതുകളിൽ മുഴങ്ങുന്നു. തിരക്കുള്ള ഒരു ബസിൽ കമ്പിയിൽ തൂങ്ങി നിൽക്കുകയാണ്, അടുത്തുള്ള സീറ്റ് ഒഴിയുന്നതും കാത്ത്. യാത്രയിലാണെങ്കിലും പുറം കാഴ്ചകൾ ഏറെ ഇഷ്ടപ്പെടുന്നതുകൊണ്ട് ഒരു യാത്രയും ഇതുവരെ വിരസമായി തോന്നിയിട്ടില്ല. എട്ടു വയസ്സ് പ്രായം തോന്നിക്കുന്ന മെലിഞ്ഞൊട്ടിയ ഒരു ബാലികയിലേക്കാണ് അപ്പോൾ കണ്ണുകൾ പാഞ്ഞത്. കൈകളിൽ അവളേക്കാൾ ഭാരം തോന്നിക്കുന്ന ഒരു ചാക്ക്കെട്ട് വലിച്ചു നടക്കുന്നു. മനസ്സിൽ സഹതാപം തോന്നാതെ അവളെ ഒന്ന് സഹായിക്കാൻ കഴിഞ്ഞെങ്കിൽ ......

അവളുടെ പുറകിലായി 20 വയസ്സോളം പ്രായം തോന്നിക്കുന്ന ഒരു പയ്യനെ പെട്ടെന്ന് ശ്രദ്ധിച്ചു. ബസ് ഇപ്പോൾ സ്റ്റോപ്പിൽ നിന്നെടുക്കും. ആളുകൾ കയറുകയും ഇറങ്ങുകയും ചെയ്യുന്നു. പെൺകുട്ടിയുടെ പിറകിൽ നടക്കുന്ന പയ്യനിൽ എന്തോ പന്തികേട് തോന്നി. അവൻ വല്ലാതെ ആ പെൺകുട്ടിയെ ശ്രദ്ധിക്കുന്നു. മനസ്സ് വല്ലാതെ അസ്വസ്ഥമായി. മുന്നോട്ടുനീങ്ങി. 'ആൾ ഇറങ്ങാൻ ഉണ്ട്' പെട്ടെന്ന് ഒരുൾവിളിയെന്നോണം വിളിച്ചു പറഞ്ഞു. 'നാശം.. ഇത്ര നേരം എവിടെ നോക്കിയിരിക്കുകയായിരുന്നു?' കണ്ടക്ടറുടെ ശകാരത്തിനിടെ ഒരുവിധം ബസ്സിൽ നിന്നിറങ്ങി ആ പെൺകുട്ടിക്കരികിലേക്ക് ഓടി. ഇല്ല, അവളെ കാണുന്നില്ല.. അവനെയും. എവിടെ അവൾ? അവൾക്കെന്തുപറ്റി? മുന്നോട്ടേക്ക് കുതിച്ചു. പെട്ടെന്ന് മുന്നിലൊരു കാർ. 'ആഹ്..' കണ്ണുകളിൽ ഇരുട്ട്!... അസഹ്യമായ വേദന... ആളുകൾ ഓടിക്കൂടുന്ന ശബ്ദം. ഉറക്കെ നിലവിളിച്ചു...

'എന്താ ചേച്ചി? എന്താ ഉണ്ടായത്?' സുമ ഓടിവന്നു കുലുക്കി വിളിച്ചു. 'ഒന്നുമില്ല... ഞാനൊന്നു മയങ്ങിപ്പോയി..' 'ഈ ചേച്ചിയുടെ ഒരു കാര്യം! ആ അപകടം പിന്നെയും സ്വപ്നത്തിൽ കണ്ടിട്ടുണ്ടാവും'. ഒന്നു പതുക്കെ പുഞ്ചിരിച്ചു. 'ഞാൻ കുടിക്കാനെന്തെങ്കിലും എടുക്കാം..' സുമ അകത്തേക്ക് പോയി. ചില കാഴ്ചകൾ അങ്ങനെയാണ്. മനസ്സിൽനിന്ന് മായ്ച്ചു കളയാനാവില്ല. എവിടെയാണെങ്കിലും അത് മനസ്സിനെ അലട്ടിക്കൊണ്ടിരിക്കും. ജാലകത്തിലൂടെ പുറത്തേയ്ക്ക് നോക്കി. ഒരു നേർത്ത കാറ്റ് പതുക്കെ കടന്നു വന്നു. പുളിയിലകൾ പതിയെ അടർന്നു വീഴാൻ തുടങ്ങി.

Click or Scan for Podcast



# ഈ മൂക സന്ധ്യയിൽ നമ്മൾ

ദിവ്യ ദാസ്

ഒരു മൂക സന്ധ്യയ്ക്ക് സാക്ഷിയായ്, സാഗരതീരത്ത്
വന്നോരാ സ്മരണകൾ മീട്ടവേ
തൊട്ടും തൊടാതെയും ഇണചേർന്നു പിരിയുന്ന
ഈ മണൽത്തിട്ടയും സാഗര കന്യയും......
ഇടതൂർന്ന് കരിമേഘ കനവുളിർമയാർന്ന്
കണ്ണുനീർ തുള്ളിയാൽ സങ്കടം പെയ്യവേ
ഈ മണൽത്തിട്ടയിലൂർന്നു പോയ് പലകുറി
ഇരു മെയ്കളാൽ നമ്മൾ തീർത്തൊരാ കുടിലുകൾ
നര നീട്ടി, ചിന്താ ഭരിതമാം മൗനങ്ങൾ
ഇമ പൂട്ടി, വിഫല സ്വപ്നങ്ങൾ.... ക്ഷണികവും!
കാതോർത്തു പ്രണയമാം തംബുരു മീട്ടുന്ന രാവുകൾ,
കരയുന്ന പുലരികൾ, സന്ധ്യകൾ
പറയാൻ മറന്നുപോയി വാക്കുകൾ, വിഫലമാം
മിഴികളിൽ, നനവാർന്ന ചുണ്ടുകളിലന്നേരം,
വർഷങ്ങൾ, ചിതറിയോരിതളുകൾ കൊഴിയുന്ന ഗ്രീഷ്മവും,
ശരത് കാല മേഘവും കിളികളും
ഇന്നൊരീ സന്ധ്യക്ക് വ്യണിതമാം ചിന്തയിൽ നമ്മളിന്നോർക്കുന്നു,
പൊയ്പ്പോയ രാവുകൾ
പ്രണയം, വിരഹം, വേദന ,നനസൂമം
ഗീതികൾ മൗനമായ് പാടിയ കവിതകൾ

Click or Scan for Podcast



# നിനക്കായ് തോഴാ

സുനൈന ബീവി

നീ അറിയുന്നോ തോഴാ,
എന്നിലെ നിന്നെ,
പഴകുന്തോറും വീര്യമേറും
ലഹരി പോലെ,
നീ അറിയുമോ എൻ
ഹൃദയത്താളിൻ അക്ഷരക്കൂട്ടത്തിൽ,
ഞാൻ ഒളിപ്പിച്ച എൻ പ്രണയം.
പേമാരി തൻ അട്ടഹാസത്തിലും,
രണത്തിന്റെ നിഴലിലും,
ഞാനറിയുന്നു നിൻ
നനുത്ത സ്പർശം,
അതെന്നിലേകും നിർവൃതി,
ഹോ,
ഞാനറിയാതെ ഉണർന്നിടുന്നു.
എന്നിലെ നിന്നെ
നീ അറിയുമോ തോഴാ
വരും നാളിലെൻ
സ്വപ്നത്തിൻ മിഴിവേകാൻ.

Click or Scan for Podcast

# എന്റെ ആദ്യത്തെ സ്കൂട്ടർ യാത്ര

ഹബീബ ഷഫ്നാസ്


എന്റെ ബാല്യകാലത്തിൽ തന്നെ സ്കൂട്ടർ ഓടിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നു. പല പെൺകുട്ടികളും സ്കൂട്ടർ ഓടിച്ചുകൊണ്ട് അനായാസം യാത്ര ചെയ്യുന്നത് അൽഭുതത്തോടെ ഞാൻ നോക്കി നിന്നിട്ടുണ്ട്. കൗമാരപ്രായമായതോടെ എന്റെ മോഹത്തിന് ചിറകു വിരിച്ചു. മനസ്സ് കൊണ്ട് ഞാൻ റോഡിലൂടെ വണ്ടിയുമായി പറന്നു നടന്നു.

ഞാൻ എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞ് റിസൾട്ടിനായി കാത്തിരിക്കുന്ന സമയം .ആയിടക്കാണ് ഉമ്മക്ക് ഒരു ആക്ടീവ വാങ്ങിക്കൊടുക്കണമെന്ന് ഉപ്പ പറഞ്ഞത്. അത് കേട്ടതോടെ വാങ്ങാത്ത സ്കൂട്ടറിൽ കയറി പലവട്ടം സ്വപനത്തിലൂടെ ഞാൻ കറങ്ങി നടന്നു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ആക്ടീവ ഞങ്ങളുടെ വീട്ടിലെത്തി. അന്ന് മറ്റാരേക്കാളും സന്തോഷിച്ചത് ഞാനായിരുന്നു. ഉമ്മ ഡ്രൈവിങ്ങ് പഠിച്ചിരുന്നെങ്കിലും പ്രാക്ടീസ് ആവശ്യമായിരുന്നു. അതിനു വേണ്ടി ഞങ്ങളുടെ ബന്ധുവും ഉപ്പയുടെ സുഹൃത്തുമായ സിദ്ധീക്കാക്കയും ഭാര്യ ഷമീനത്താത്തയും സന്ധ്യയോടെ ഞങ്ങളുടെ വീട്ടിലെത്തി. ബിരിയാണിയും മറ്റുമുണ്ടാക്കി അവരുടെ വരവ് ഞങ്ങൾ ആഘോഷമാക്കി. ഉപ്പ അദ്ദേഹത്തിന്റെ നാടായ പാലക്കാട്ട് പോയതാണ്. രാത്രിയോടെ തിരിച്ചെത്തുമെന്നാണ് പറഞ്ഞത്.

ഞങ്ങൾ താമസിക്കുന്ന വീടിന്റെ മുന്നിലുള്ള റോഡിലൂടെ ബസ് സർവ്വീസ് ഉണ്ടായിരുന്നു. ബസ്സിന്റെ ഓട്ടം നിലച്ച ശേഷം റോഡിലൂടെ ഓടിച്ചു നോക്കാമെന്നും അതിനു മുമ്പ് മുറ്റത്തു കൂടെ കുറച്ചു സമയം പരിശീലിക്കാമെന്നും സിദ്ധീക്കാ പറഞ്ഞു. ഉമ്മ മൂന്നാല് വട്ടം മുറ്റത്തു കൂടെ റൗണ്ടടിച്ചു. ഉപ്പ വരാൻ വൈകുമെന്നറിയിച്ചതിനാൽ

**ഞാൻ എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞ് റിസൾട്ടിനായി കാത്തിരിക്കുന്ന സമയം. ആയിടക്കാണ് ഉമ്മക്ക് ഒരു ആക്ടീവ വാങ്ങിക്കൊടുക്കണമെന്ന് ഉപ്പ പറഞ്ഞത്. അത് കേട്ടതോടെ വാങ്ങാത്ത സ്കൂട്ടറിൽ കയറി പലവട്ടം സ്വപനത്തിലൂടെ ഞാൻ കറങ്ങി നടന്നു.**



ഞങ്ങളെല്ലാവരും ഭക്ഷണം കഴിച്ചു .അപ്പോഴേക്കും റോഡ് വിജനമായിരുന്നു. സിദ്ധീക്കാ വണ്ടി ഉരുട്ടി റോഡിലേക്ക് കയറ്റി.
പ്ലസ്റ്റുക്കാരിയായ എന്റെ സഹോദരി ആച്ചുവും ഷമീനത്താത്തയും സ്ക്കൂട്ടറിനടുത്ത് നിന്ന് എങ്ങനെയാണ് വണ്ടി ഓടിക്കേണ്ടതെന്ന് സിദ്ധിക്കാനോട് ചോദിച്ചു മനസ്സിലാക്കി. പിന്നീട് ആച്ചു വണ്ടിയിൽ കയറി കാല് നിലത്തു കുത്തിക്കൊണ്ട് മെല്ലെ മുന്നോട്ടെടുത്തു. സെക്യൂരിറ്റിയായി സിദ്ധീക്കായും ഷമീനത്തായും പിന്നാലെയുണ്ടായിരുന്നു. അടുക്കളയിലെ ജോലി ഒതുക്കിയിട്ട് വരാമെന്നായിരുന്നു ഉമ്മ പറഞ്ഞത്.ആച്ചു ഒന്നുരണ്ടു വട്ടം ഓടിച്ചു നോക്കി.

അത് കണ്ടപ്പോൾ എനിക്ക് വണ്ടിയിൽ കയറണമെന്ന മോഹമുദിച്ചു. ഞാൻ ഓടിച്ചെന്ന് ആച്ചുവിനോട് പറഞ്ഞു 'മതി .. ഇറങ്ങ് ഇനി ഞാനോടിക്കാം'.

ആച്ചു അത് കേട്ടതായി ഭാവിച്ചില്ല . എന്നിട്ടും ഉമ്മ എത്തിയിരുന്നില്ല. എനിക്ക് എത്രയും പെട്ടെന്ന് അതിൽ കയറിപ്പറ്റണമെന്നുള്ള മനസ്സിന്റെ വെമ്പൽ അതിരു കടന്നു. ഞാൻ പിന്നേയും ഇറങ്ങാൻ ആച്ചുവിനോട് പറഞ്ഞു. അക്ഷമയോടെ പലവട്ടം ഞാൻ പറഞ്ഞു കൊണ്ടിരുന്നു.
എന്റെ ശല്യം സഹിക്കവയ്യാതെ ആച്ചു ഓട്ടം നിർത്തി ഇറങ്ങി.
ഞാനോടിച്ചെന്ന് വണ്ടിയിൽ കയറാൻ ശ്രമിച്ചു.

സിദ്ധീക്കാ സ്കൂട്ടർ പിടിച്ചു നിന്നതിനാൽ വീണു പോവാതെ കയറാൻ പറ്റി. ഗമയോടെ ഇരുന്നു കൊണ്ട് ഇനിയെന്താണ് ചെയ്യേണ്ടതെന്ന് ഞാൻ ചോദിച്ചു.

വലതു വശത്തുള്ള ആക്സിലേറ്റർ തിരിച്ചാൽ വണ്ടി മുന്നോട്ടു പോകും എന്ന് പറഞ്ഞ് തിരിക്കേണ്ട രീതി എനിക്ക് സിദ്ധീക്കാ കാണിച്ചു തന്നു. മനസ്സ് നിറഞ്ഞ് തുളുമ്പിയ ആ നിമിഷത്തിൽ ഞാനെല്ലാവരേയും അഭിമാനത്തോടെ നോക്കി. ഇനി വണ്ടി എങ്ങനെ നിർത്താം എന്ന് കാണിച്ചു തരാം. സിദ്ധീക്കാ അത് പറയുമ്പോഴേക്കും ആവേശം കൊണ്ട് ഞാൻ ആക്സിലേറ്റർ തിരിച്ചു കഴിഞ്ഞിരുന്നു. സ്ക്കൂട്ടർ ശരവേഗത്തിൽ മുന്നോട്ടു കുതിച്ചു. എന്തു ചെയ്യണമെന്നറിയാതെ പകച്ചുപോയ നിമിഷങ്ങൾ. എന്താണ് സംഭവിക്കുന്നത് എന്ന് ഊഹിക്കാൻ പോലുമാവാത്ത അവസ്ഥ. ഭയം കൊണ്ട് ഞാനുറക്കെ പലതും വിളിച്ചു പറയുന്നുണ്ടായിരുന്നു.

ഞാൻ മുന്നോട്ടു പോയപ്പോൾ വണ്ടിയിൽ നിന്ന് പിടിവിടാതെ സിദ്ധീക്കാ എന്റൊപ്പം ഓടി. അത് കണ്ട് പേടിച്ചു കൊണ്ട് ഷമീനത്താത്തയും പിന്നാലെ ഓടി. എന്താണ് ചെയ്യേണ്ടത് എന്നറിയാതെ ആച്ചു അന്തം വിട്ടു നിന്നു. പിന്നെ അവളും ഞങ്ങളുടെ പിന്നാലെ ഓടി. വണ്ടി നിർത്ത് വണ്ടി നിർത്ത് എന്ന് എല്ലാവരും പറയുന്നത് ഞാൻ കേൾക്കുന്നുണ്ടായിരുന്നു.
പക്ഷെ .... വണ്ടി എങ്ങനെ നിർത്തണമെന്ന് എനിക്കറിയില്ലല്ലോ.
അത് കേൾക്കാനുള്ള ക്ഷമ എനിക്കുണ്ടായില്ല.

അടുക്കളയിൽ പാത്രം കഴുകുന്ന തിരക്കിലായതിനാൽ ഉമ്മ ഇതൊന്നും അറിഞ്ഞില്ല. ഞങ്ങളുടെ വീടിന്റെ മതിലും കഴിഞ്ഞ് റോഡ് സൈഡിൽ ഒരു തോടുണ്ടായിരുന്നു.

ഞാനും വണ്ടിയും ആ തോട്ടിലേക്ക് മറിഞ്ഞു വീണു. വണ്ടിയിൽ നിന്നുള്ള പിടുത്തം വിടാത്തതിനാൽ സിദ്ധീക്കായും വണ്ടിക്കൊപ്പം വീണു. കെട്ടി നിൽക്കുന്ന വെള്ളവും ചളിയുമായിരുന്നു ആ തോട്ടിൽ.
ഓടി വന്ന ഷമീനത്താത്തയും ആ ചളിയിലേക്ക് വഴുതി വീണു. വീണ ഉടനെ ഞാൻ എഴുന്നേൽക്കാൻ ശ്രമിച്ചു.

പക്ഷെ ...കാല് വണ്ടിയുടെ അടിയിലായിരുന്നു. പെട്ടെന്ന് സിദ്ധീക്കാ എണീറ്റ് വന്ന് വണ്ടി പൊക്കി നിർത്തിയപ്പോഴാണ് എന്റെ കാല് സ്വതന്ത്രമായത്. എന്തെങ്കിലും പറ്റിയോ എന്ന് ആശങ്കയോടെ ചോദിച്ചു കൊണ്ട് ഷമീനത്താ എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു. എന്റെ കൈകാലുകൾ നന്നായി വിറയ്ക്കുന്നുണ്ടായിരുന്നു. എന്റെ കണ്ണുകളിലെ ഭീതിയും പരിഭ്രമവും കണ്ട് ഷമീനത്താ പുറത്ത് തട്ടിക്കൊണ്ടെന്നെ സമാധാനിപ്പിക്കുന്നുണ്ടായിരുന്നു. കൈയ്യിലും കാലിലും മറ്റെവിടെയെല്ലാമോ നീറ്റൽ അനുഭവപ്പെട്ടു. എന്നിട്ടും എനിക്ക് ചിരിക്കാനാണ് തോന്നിയത്. സങ്കടം ഉള്ളിൽ വന്ന് മുട്ടിത്തിരിയുന്നുണ്ടായിരുന്നെങ്കിലും ഇത്ര ആവേശത്തോടെ വണ്ടിയോടിച്ച് വീണപ്പോൾ അവരുടെ മുമ്പിൽ വെച്ച് കരയുന്നത് കുറച്ചിലല്ലെ എന്നു കരുതിയാണ് ചിരിച്ചത്. ഉമ്മ വെപ്രാളത്തോടെ ഓടിയെത്തിയപ്പോൾ ഞാൻ നിന്നു ചിരിക്കുന്ന കഴ്ചയാണ് കാണുന്നത്. അപ്പോഴാണ് ഉമ്മാക്ക് സമാധാനമാവുന്നത്. ഇപ്പോൾ ഞാൻ ടീച്ചറാണ്, സ്ക്കൂട്ടർ ഓടിക്കണം എന്ന മോഹം ഇപ്പോഴും എനിക്ക് ബാക്കിയാണ്.

**പക്ഷെ ...കാല് വണ്ടിയുടെ അടിയിലായിരുന്നു. പെട്ടെന്ന് സിദ്ധീക്കാ എണീറ്റ് വന്ന് വണ്ടി പൊക്കി നിർത്തിയപ്പോഴാണ് എന്റെ കാല് സ്വതന്ത്രമായത്. എന്തെങ്കിലും പറ്റിയോ എന്ന് ആശങ്കയോടെ ചോദിച്ചു കൊണ്ട് ഷമീനത്ത എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു. എന്റെ കൈകാലുകൾ നന്നായി വിറയ്ക്കുന്നുണ്ടായിരുന്നു.**

Click or Scan for Podcast

# മൺമറഞ്ഞ കൂട്ടുകാരി

ഷബ്ന.കെ.

റസിയ ഡിഗ്രിയുടെ അവസാന പരീക്ഷയും കഴിഞ്ഞ് എക്സാം ഹാളിൽ നിന്ന് പുറത്ത് വന്നു. ഇനി കോളേജ് അടയ്ക്കുകയാണ്. അങ്ങനെ ഗണിതശാസ്ത്രത്തിൽ ബിരുദം പൂർത്തിയായി. ഒരു മണിക്ക് എക്സാം കഴിഞ്ഞിരുന്നു. ശേഷം സഹപാഠികളെല്ലാവരും ഒത്തു കൂടി. അവസാനമായി ഈ കലാലയത്തിന്റെ മുറ്റത്ത് ടീച്ചേഴ്സിനെയും സുഹൃത്തുക്കളെയും കണ്ട് പരസ്പരം സംസാരിച്ചും വിട ചൊല്ലിയും സങ്കടത്തോടെ കുറേ നേരം നിന്നു. ശേഷം ഒത്തിരി ഓർമ്മകൾ സമ്മാനിച്ച കോളേജിനെ വീണ്ടും വീണ്ടും തിരിഞ്ഞു നോക്കി കൊണ്ട് അവൾ അതിന്റെ പടികളിറങ്ങി.

അര മണിക്കൂറോളം ബസ്സിൽ യാത്ര ചെയ്ത് വീട്ടിലെത്തി. ഒന്നു ഫ്രഷ് ആയി ഭക്ഷണം കഴിച്ച ശേഷം എക്സാമിനു വേണ്ടി പുസ്തകങ്ങൾ തിരയുകയും അങ്ങോട്ടുമിങ്ങോട്ടും മാറ്റി വെയ്ക്കുകയും ചെയ്ത് അലങ്കോലമായി കിടക്കുന്ന, റൂമിലെ ഷെൽഫ് ഒന്ന് നന്നാക്കി വെയ്ക്കാമെന്നു കരുതി. ഷെൽഫിൽ ഒത്തിരി പുസ്തകങ്ങളുണ്ട്. ഓരോന്നായി അടുക്കി വെയ്ക്കുന്നതിനിടയിൽ പുസ്തകങ്ങൾക്കിടയിൽ നിന്ന് ഒരു ഫോട്ടോ താഴെ വീണു. അവൾ പുസ്തകങ്ങളെല്ലാം അവിടെ വെച്ച് ഫോട്ടോ കയ്യിലെടുത്തു. കുറച്ച് നേരം അവൾ അതിലേക്ക് തന്നെ നോക്കി നിന്നു. എന്തൊരഴകാണ് അവൾക്ക്. നല്ല സ്വഭാവം, ശീലങ്ങൾ, ബുദ്ധി സാമർത്ഥ്യം എല്ലാം കൊണ്ടും അവളൊരു ഉത്തമ മാതൃകയായിരുന്നു. പക്ഷേ, ഏതാനും ദിവസങ്ങൾക്ക് മുന്നെ ദൈവം അവളെ തിരിച്ചു വിളിച്ചു. റസിയയുടെ ഉപ്പ നജീമിന്റെ ജ്യേഷ്ഠന്റെ മകളായിരുന്നു സലീന. രണ്ട് പേരും രക്തബന്ധത്തിലുപരി ഉറ്റ ചങ്ങാ



തിമാരും കൂടിയായിരുന്നു. സമപ്രായക്കാർ, ഒരേ സ്കൂളിൽ ഒരേ ക്ലാസ്സിൽ പഠിച്ചു വന്ന വർ, ഒരുമിച്ച് ഉണ്ടവർ, ഒരുമിച്ചുറങ്ങിയവർ, ജീവിതത്തിന്റെ ഭൂരിഭാഗം നിമിഷങ്ങളിലും ഒരുമിച്ചു നിന്ന ഉറ്റ സുഹൃത്തുക്കൾ.

റസിയ വേഗം പുസ്തകങ്ങളെല്ലാം അടുക്കി വെച്ച് ഫോട്ടോ ഭദ്രമായി സൂക്ഷിച്ചു വെച്ചു. അവൾ മുറ്റത്തേക്കിറങ്ങി. മുറ്റത്തെ ചെടികളും പൂക്കളും അവളെ നോക്കി പുഞ്ചിരിച്ചു. അവൾ പതിയെ പാടവരമ്പ ത്തേക്കെത്തി. ആദ്യ കാലങ്ങളിൽ നെല്ല് വിള യിച്ചിരുന്ന ഇവിടം വാഴ, കപ്പ എന്നിവ കൊ ണ്ട് നിറഞ്ഞിരിക്കുന്നു. ഇവിടെ വെച്ച് എത്ര മണ്ണപ്പം ചുട്ടു കളിച്ചിട്ടുണ്ട്. കളിമണ്ണുകൊ ണ്ട് എന്തെല്ലാം രൂപങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ തോട്ടിലെ വെള്ളത്തിൽ കളിക്കുകയും മീൻ പിടിക്കുകയും ചെയ്തിരുന്നതെല്ലാം ഓർമ്മകൾ മാത്രം എന്തു രസമായിരുന്നു ആ കാലം !. തോട്ടുവരമ്പിലൂടെ അവൾ അപ്പുറത്തെ പറമ്പിലെ തേന്മാവിന്റെ ചോ ട്ടിലെത്തി. കുട്ടിക്കാലം തൊട്ടേ ചില ഒഴിവു സമയങ്ങൾ രണ്ടു പേരും ഇവിടെ ചിലവഴി ക്കാറുണ്ടായി തേന്മാവ് പൂത്തുകായ്ച്ചിട്ടു ണ്ട്. ഏതാനും ദിവസം കൂടി കഴിഞ്ഞാൽ തേനൂറും മാമ്പഴം അത് കിളികൾക്കായ്, കുഞ്ഞുങ്ങൾക്കായ് വീഴ്ത്തും. തേന്മാവി ന്റെ പൊന്തിയ വേരുകളിൽ ഇരുന്ന് ഞാനും സലീനയുമൊത്ത് പച്ചമാങ്ങയും പഴുത്തമാ ങ്ങയും എത്ര തിന്നിട്ടുണ്ട്. എത്ര കളിക്കു കയും കഥ പറയുകയും കൂട്ടുകൂടുകയും ചെയ്തിട്ടുണ്ട്. പ്രകൃതിരമണീയമായ ഇവിടം ഞങ്ങൾക്ക് വളരെ ഇഷ്ടമായിരുന്നു. റസിയ എല്ലാം ഒരു വെമ്പലോടെ ഓർത്തു.

ഒരോന്ന് ഓർത്ത് സമയം പോയതറി ഞ്ഞില്ല. നേരം ഇരുട്ടിത്തുടങ്ങി. തേന്മാവിന്റെ കൂടുകളിലേയ്ക്ക് കാക്കകൾ ചേക്കേറാൻ തുടങ്ങി. അണ്ണാറകണ്ണൻ അവളുടെ തൊട്ട പ്പുറത്ത് നിന്ന് 'ഛിൽ ഛിൽ' എന്നു ചിലച്ചു കൊണ്ടിരുന്നു. സലീനയുമായി സല്ലപിച്ച നിമിഷങ്ങളോർത്ത് അറിയാതെ കണ്ണുനീർ പൊടിഞ്ഞു. അണ്ണാറക്കണ്ണൻ തന്നെ കളി യാക്കുകയാണോ അതോ ആശ്വസിപ്പിക്കുക യാണോ? അവൾ അതിനെ ഒന്നു നോക്കി. അത് അങ്ങോട്ടും ഇങ്ങോട്ടും തുള്ളിച്ചാടി

**താട്ടുവരമ്പിലൂടെ അവൾ അപ്പുറത്തെ പറമ്പി ലെ തേന്മാവിന്റെ ചോട്ടിലെത്തി. കുട്ടിക്കാലം തൊട്ടേ ചില ഒഴിവു സമയങ്ങൾ രണ്ടു പേരും ഇവിടെ ചിലവഴിക്കാറുണ്ടായി തേന്മാവ് പൂത്തുകായ്ച്ചിട്ടുണ്ട്. ഏതാനും ദിവസം കൂടി കഴിഞ്ഞാൽ തേനൂറും മാമ്പഴം അത് കിളി കൾക്കായ്, കുഞ്ഞുങ്ങൾക്കായ് വീഴ്ത്തും.**

തേന്മാവിന്റെ മുകളിലേക്ക് കയറി.

തേന്മാവിന് നല്ല വയസ്സുണ്ട്. നല്ല വീതിയുള്ള തടിയാണ് അതിന്റേത്. അതിന്റെ പുറകിൽ അവൾ നിൽക്കുന്നുണ്ടോ എന്ന് ഒരു നിമിഷം തോന്നിപ്പോയി. പള്ളിയിൽ നിന്ന് മൊല്ലാക്ക മൈക്കിൽ തട്ടി. അല്ലാ ഹു അക്ബർ .... അല്ലാഹു അക്ബർ. മഗ്‌രിബ് ബാങ്ക് കൊടുക്കുന്നു. അതെ, ദൈവം എത്ര വലിയവൻ! എങ്കി ലും ദൈവമേ, എന്തിനു ഞങ്ങളെ തമ്മിൽ പിരിച്ചു? എന്തിനാണവൾ എന്നോടൊന്നും പറയാതെ പോയ് മറഞ്ഞത്? ജീവിത വീഥികളിൽ ഇനി ഞാൻ മാത്രം.. ജീവിതത്തോട് മടുപ്പ് തോന്നിയ ഒരു നിമിഷം കടന്നു പോയി. ഇരുട്ട് കൂടിക്കൂടി വന്നു. വേഗം വീട്ടിലേക്കെ ത്താനായി അവൾ വേഗത്തിൽ നടന്നു. ഇടയ്ക്കിടെ അവൾ തന്നെ തിരിച്ചു വിളിക്കുന്നുണ്ടോ എന്ന പ്രതീ ക്ഷയിൽ വീണ്ടും വീണ്ടും തിരിഞ്ഞു നോക്കിയെങ്കിലും അവളെ മാത്രം എങ്ങും കണ്ടില്ല. ഇന്ന് കോളേജിൽ നിന്ന് വിട പറഞ്ഞ കൂട്ടുകരേക്കാൾ എന്നും എന്റെ ഉറ്റ സുഹൃത്ത് അവൾ തന്നെയായിരുന്നെന്ന് റസിയ ഓർത്തു. അവളെ തനിക്ക് നഷ്ടമായിരിക്കുന്നുവെന്ന വലിയ സത്യം റസിയ ഉൾക്കൊണ്ടു. അകാലത്തിൽ പൊഴിഞ്ഞു പോയ പുഷ്പമേ, നീയായിരുന്നു എന്നും എൻ പ്രിയ കൂട്ടുകാരി, നിൻ ഓർമ്മകൾ എന്നുള്ളിൽ മരിക്കും വരെ....

ഭാഗം രണ്ട്

# അരുത്

Click or Scan for Podcast



# മനുഷ്യമൃഗം

റമീസ ജഹാൻ

അരുത് കാട്ടാളാ നിൻ ചോരക്കണ്ണുകൾ
പതിയരുതൊരു നാളുമെന്നോമൽ തൻ
പിഞ്ചു മേനിയിൽ.
വെറും പാവയല്ലവൾ
ചുടുചോര ത്രസിക്കും ഞരമ്പും സിരകളിൽ
പടരും ജീവനുമുണ്ടെന്നോർക്കുക.
കരിഞ്ഞ വിളകൾ എന്നും പഴികേൾക്കേണ്ടവർ
മാത്രം അപ്പോഴുമോർക്കണം
ഈ ഭൂമിയിലുദയം ചെയ്യുമീ
ഹിംസചിന്തയ്ക്കെപ്പൊഴും
സ്വാഗതമരുളുമാ നീതിപീഠവും
പാവമവളോ അബലയായ് തീർന്നവൾ
അന്യായവിധികളിൽ കണ്ണീർ
ചിന്തുവാനോ അവൾക്കിനിയും വിധി പേരുകൾ
പലതായി മാറിടുമെങ്കിലും ചരിത്രമൊരാവർത്തനംമാത്രം
ഇരകളെന്നും ഇരകളായ് മാത്രം ഭൂമിയിൽ ജീവിക്കുന്നു.
നീചനെന്നും രക്ഷ പ്രാപിക്കുന്നു, സഖീ, ഇനിയെന്നൊരു
സുവർണ ചരിത്രപഥം
നിനക്കായ് വഴി തുറക്കും?

Click or Scan for Podcast



# ലഹരി

നാജിഷ

സമുദ്രം സാക്ഷിയായി
ഒരു വിലാപം മുഴങ്ങുന്നു
സർവ്വവും സഹിയായ
ഒരു പെണ്ണിൻ അലമുറ
അവൾ കാൽക്കൽ
വീഴുന്നു, കേഴുന്നു
തൻ കണവനോട്
സംശയിക്കല്ലേ എന്നോതി
ഒരു ചവിട്ടിൽ അവൻ
ആ കേഴൽ ഒതുക്കി
അബോധതയിൽ അവൾ
വീണു പോയി
തീർന്നില്ല കലി
മദ്യത്തിൻ ലഹരിയിൽ

അമ്മേയെന്നലറിക്കരയുന്ന തൻ
മകൾക്കും കൊടുത്തു ഒരു തൊഴി
സ്വഭാര്യതൻ പാതിവ്രത്യത്തിൽ
സംശയിക്കുന്നവൻ
തന്റെ ബീജം തന്നെയോ ആ മകളെന്ന്
സംശയിക്കുന്നവൻ
കണ്ടുനിന്നവർ കൂടണഞ്ഞു,
ശേഷമവൻ
ഒരു കോണിൽ മദ്യത്തിന്റെ ലഹരിയിൽ
മതിമറന്നു കിടന്നു
പ്രഭാതം അവന്റെ മദ്യലഹരി കെടുത്തി
കണികണ്ടതവൻ തൻ മകളെ
ഒരു മുളം കയറിൽ
ശ്വാസമറ്റാടുന്നത്

Click or Scan for Podcast



# കറുപ്പ്

ഷാഹിദ് റംസാൻ

നമുക്ക് കുളിക്കാൻ പോവാം
കറുപ്പനെ കൂടെ വിളിച്ചോ!
ഒന്നു വെളുത്തോട്ടെ..
കളിയാക്കല്ലെടാ...
കറുപ്പും ഒരു നിറമാണ്
പകൽ പോലെ പ്രകൃതി
പകുത്ത് നൽകിയതത്രേ
ഈ 'കറുപ്പ് '
പിന്നെ എന്തിനാണ്
മരിച്ചാൽ കറുപ്പ് കെട്ടുന്നത്?
മീൻ കരിക്കല്ലേ എന്ന് പറയുന്നത്?
ഇരുട്ടാണ് വീട്ടിൽ കയറണം
എന്ന് ശാഠ്യം പിടിക്കുന്നത്?
ഇത്രയേറെ ഭയക്കാൻ
എന്തു ശക്തിയാണ്
അവനിൽ ചൊരിഞ്ഞത്?
അറിയാമോ??
നെൽസൺ മണ്ടേല
കറുപ്പനാണ്
ബറാക് ഒബാമ
കറുപ്പനാണ്
എന്തിനേറെ
ഞാൻ എഴുതുന്ന
എന്റെ മഷി പോലും
കറുപ്പാണ്

കറുപ്പ് ചരിത്രം രചിച്ചതാണ്.
കറുപ്പ് ഒരു വികാരമാണ്
തകഴിയുടെ കറുത്തമ്മയും
ഹെലൻ കെല്ലറിന്റെ രചനകളും
കറുപ്പിൽ നിന്ന്
വന്നതാണ്
കറുപ്പിനാൽ വിജയിച്ചതാണ്
പിന്നെന്തുകൊണ്ട് പൂക്കളിൽ കറുപ്പില്ല?
പ്രകൃതിപോലും നിരസിച്ചത് എന്തേ?
പ്രകൃതി നിരസിച്ചെന്നോ???
വിഢ്ഢിത്തം! ഉറക്കത്തേക്കാൾ
മനോഹരമായ
മറ്റെന്തുണ്ട് ഭൂമിയിൽ?
ആ നിറം നിനക്ക് നൽകുന്ന അനുഭൂതി എത്രയാണ്?
എന്നിട്ടും പറയുന്നു നിരസിച്ചത്രേ!
ചരിത്രത്തിലേറിയ പുസ്തകങ്ങൾ വായിച്ചിട്ടുണ്ടോ?
ഉണ്ടാവില്ല!
ഉണ്ടെങ്കിൽ
അവൻ എത്ര ശക്തൻ എന്ന് നീ
തിരിച്ചറിഞ്ഞേനെ..
ഒന്നുകൂടെ
കറുപ്പ് പോൽ കറുത്തതും
കറുപ്പിനാൽ കറുത്തതും
രണ്ടും രണ്ടത്രേ
കർമ്മവും ധർമ്മവും!

ഭാഗം മൂന്ന്

# ബാക്കി വെച്ചതെന്ത്


Click or Scan for Podcast

# കാഴ്ച്ചകൾ

ലിസ്ന.കെ.എം

കളകളം പാടിയൊഴുകുന്ന പുഴയേ
എന്തേ നിനക്കിത്ര ഭംഗി
കണ്ടതില്ലല്ലോ നിന്നെ ഞാനിത്ര
സുന്ദരമാം വദനത്താലിതുവരേ...
നിന്റെ പാട്ടുകളെന്തേ ഇന്നിത്ര മധുരം
കേട്ടതില്ലല്ലോ നിൻ പാട്ടുകളിത്ര
മധുരമായി ഞാനിന്നേവരെ,
പുഞ്ചിരിതൂകി നിൽക്കുമീ
പൂമരങ്ങളിൽ തട്ടി,
മാരുതനേകുന്നു നിനക്കായ് പൂക്കളെ
നിൻ ഓളങ്ങളിൽ മന്ദമൊഴുകി.
പൂക്കൾക്കുമിതെന്തേ ഇന്നിത്രഭംഗി.
അറിഞ്ഞതില്ലല്ലോ ഞാനിതൊന്നു
മിതുവരെ.
അറിഞ്ഞില്ല ഞാനിന്നുവരെ ഈ
സൗഭാഗ്യങ്ങളെ,
ഇന്നെന്തേ ഞാനറിഞ്ഞു ഈ ഭംഗി.
തിരക്കാം മഹാനഗരത്തിലെ
വികസനത്തിൻ പാതയിൽ,
അറിയാതിരുന്നേക്കാം നിന്നെയീ
തലമുറകൾ.





'വേനൽ ചില്ല' ചതുർദിന സഹവാസ ക്യാമ്പിൽ കെ.എം.ഒ ബി.എഡ് കോളേജ് വിദ്യാർഥികൾ നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ

# ഖനന വീഥിയിൽ കെ.കെ. മുഹമ്മദിനൊപ്പം

**ഞാൻ പത്താം ക്ലാസ് കഴിഞ്ഞപ്പോൾ എന്റെ വാപ്പയ്ക്ക് എന്നെ എൻജിനീയറിംങ്ങിന് വിടാനായിരുന്നു ഇഷ്ടം. പക്ഷേ, എനിക്ക് സയൻസ് അല്ലെങ്കിൽ മാത്സ് വിഷയങ്ങളേക്കാൾ പഠിക്കാൻ താത്പര്യമുള്ളത് സോഷ്യലായിരുന്നു. അതുകൊണ്ടാണ് ഞാനത് തിരഞ്ഞെടുത്തത്.**

കരിങ്ങാമണ്ണ് കുഴിയിൽ മുഹമ്മദ് അഥവാ കെ.കെ.മുഹമ്മദ് പ്രസിദ്ധനായ ഇന്ത്യൻ പുരാവസ്തു ഗവേഷകനാണ്. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സൂപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റായി അദ്ദേഹം പ്രവർത്തിച്ചിരുന്നു. തുടർന്ന് എ.എസ്.എ ഉത്തരമേഖലയുടെ റീജിയണൽ ഡയറക്ടറായി. നിലവിൽ ആഗാ ഖാൻ ട്രസ്റ്റ് ഫോർ കൾച്ചറിന്റെ പ്രോജക്ട് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ പുരസ്കാരങ്ങളിൽ ഒന്നായ പത്മശ്രീ ജേതാവായ അദ്ദേഹവുമായി, കെ.എം.ഒ ബി.എഡ് കോളേജിലെ വിദ്യാർത്ഥികൾ നടത്തിയ അഭിമുഖം.

***നമ്മുടെ സമൂഹത്തിൽ സാധാരണയായി സയൻസ് വിഷയങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഹിസ്റ്ററി***

***പഠിക്കുന്നത് വലിയ കാര്യമല്ല എന്ന് കരുതുന്നവരുണ്ട്. സാറിന്റെ അഭിപ്രായത്തിൽ എന്തിന്റെ അടിസ്ഥാനത്തിലായിരിക്കും ചരിത്രം പഠിക്കുവാൻ പ്രേരിപ്പിക്കുക?***

= കുട്ടികൾക്ക് താത്പര്യമില്ലായെങ്കിൽ കുട്ടികളെ ഒരിക്കലും അവർക്ക് ഇഷ്ടമില്ലാത്ത വിഷയമെടുക്കാൻ നിർബന്ധിക്കരുത്. ഞാൻ പത്താം ക്ലാസ് കഴിഞ്ഞപ്പോൾ എന്റെ വാപ്പയ്ക്ക് എന്നെ എൻജിനീയറിംങിന് വിടാനായിരുന്നു ഇഷ്ടം. പക്ഷേ, എനിക്ക് സയൻസ് അല്ലെങ്കിൽ മാത്സ് വിഷയങ്ങളേക്കാൾ പഠിക്കാൻ താത്പര്യമുള്ളത് സോഷ്യലായിരുന്നു. അതുകൊണ്ടാണ് ഞാനത് തിരഞ്ഞെടുത്തത്.

***ഇന്ത്യൻ ചരിത്രത്തിലെ നവോത്ഥാന മുന്നേറ്റങ്ങളിൽ ജാതിക്കെതിരെയും മൗലികാവകാശങ്ങൾക്ക് വേണ്ടിയും ജനശ്രദ്ധയാകർഷിച്ച സമരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഈ അടുത്ത കാലത്ത് CBSE അവരുടെ സിലബസിൽ നിന്നും സ്ത്രീകൾ ജാതി സമ്പ്രദായത്തിനും തുല്യതയ്ക്കും എതിരെ നടത്തിയ മുന്നേറ്റങ്ങളെ ഒഴിവാക്കിയിരുന്നു. ഇതിനെ കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?***

=ചാന്നാർ ലഹളയൊക്കെ ആദ്യകാലത്ത് വന്ന ലഹളകളാണ്. അതുകൊണ്ട് തന്നെ അതൊന്നും വേണ്ടത്ര ശ്രദ്ധയാകർഷിച്ചിട്ടില്ല. ഇതെല്ലാം എടുത്തു മാറ്റുന്നതിനോട് എനിക്ക് വളരെയധികം എതിർപ്പുണ്ട്. ചില തെറ്റായ കാര്യങ്ങൾ ഇന്നത്തെ വിദ്യാഭ്യാസരംഗത്ത് വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇത് ജനങ്ങളെ അകറ്റിനിർത്താനാണ് പലപ്പോഴും പല ആളുകളും ശ്രമിക്കുന്നത്.

***ആരാധനാലയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടപ്പോൾ ഏതെങ്കിലും തരത്തിലുള്ള മതപരമായ വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ടോ?***

= മതപരമായ പ്രശ്നങ്ങൾ ഉള്ളത് ഏറ്റവും കൂടുതൽ പുരോഗമനവാദികൾ എന്ന് പറയപ്പെടുന്ന കേരളത്തിലാണ്. എന്നാൽ ഞാൻ മദ്രാസിൽ ജീവിച്ചിരുന്ന കാലത്ത് എന്റെ തുല്യരായിട്ടുള്ള സത്യമൂർത്തിയും രാമമൂർത്തിയും ഉണ്ടായിരുന്നു. പലകാര്യങ്ങളിലും എന്നെ അയയ്ക്കണമെന്നായിരുന്നു അവർ പറഞ്ഞിരുന്നത്. ഞാൻ ഏതാണ്ട് നൂറിലധികം ക്ഷേത്രങ്ങൾ പുനരുദ്ധരിച്ചിട്ടുണ്ട്. അവിടെ അങ്ങനെയുള്ള പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല.

***പൊളിറ്റിക്കൽ പ്രഷർ താങ്കളുടെ ചരിത്ര ഗവേഷണങ്ങളിൽ ഏതെങ്കിലും രീതിയിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടോ?***

= പൊളിറ്റിക്കൽ പ്രഷർ ധാരാളമുണ്ടായിട്ടുണ്ട്. എന്നാൽ ഞാനതൊരു അനുഗ്രഹമായി കണക്കാക്കുന്ന ഒരാളാണ്. സെൽഫ് ഇംപ്രൂവ്മെന്റിന് സഹായിക്കുന്ന ഒരുപാട് പുസ്തകങ്ങളുണ്ട്. അത് വായിച്ചു കഴിഞ്ഞാൽ നിങ്ങളെ മറ്റൊരാളായിമാറ്റാൻ കഴിയും. ഒരു സെൽഫ് ട്രാൻസ്ഫോർമേഷന് സാധിക്കും. അങ്ങനെയാകുമ്പോൾ നമുക്ക് ഏത് പൊളിറ്റിക്കൽ പ്രഷറിനെയും തരണം ചെയ്യാൻ സാധിക്കും. ഇതിനെയൊക്കെ അതിജീവിക്കാനുള്ള കഴിവ് പുസ്തകങ്ങൾ നമുക്ക് നൽകും.

***സാറിന്റെ നേതൃത്വത്തിൽ കൊണ്ടുവന്നതാണല്ലോ 'റെപ്ലിക്കാമ്യൂസിയം'. അത് സ്ഥാപിക്കുവാനുണ്ടായ സാഹചര്യമെന്താണ്?***

= ഇന്ത്യയിൽ ഒരാൾ വരുന്ന അവസരത്തിൽ ഡെൽഹിയിൽ ചെന്നാൽ ഒന്നുകിൽ കുതുബ് മിനാർ കാണും അല്ലെങ്കിൽ ചെങ്കോട്ട കാണും. ആഗ്രയിൽ പോയാൽ താജ്മഹൽ കാണും. ഇതെല്ലാം മുഗൾ മോണ്യുമെന്റ്സാണ്. എന്നാൽ ശരിക്കുള്ള ഇന്ത്യയെക്കുറിച്ച് അറിയാൻ ഒരു അവസരം ആർക്കും കിട്ടുന്നില്ല. അതുകൊണ്ട് ചെറിയ രൂപത്തിൽ വ്യത്യസ്ത ക്ഷേത്രങ്ങൾ തുടങ്ങിയവയെ കുറിച്ച് ആളുകൾക്ക് ചെറിയ ഒരു ധാരണ ഉണ്ടാക്കാൻ വേണ്ടി ചെയ്തതാണ്.

***ഖനനാവശ്യത്തിനു പോയപ്പോൾ സാർ നേരിട്ട ബുദ്ധിമുട്ടുകൾ എന്തെല്ലാമാണ്? സാർ എങ്ങനെയാണ് അതിനെയൊക്കെ നോക്കി കണ്ടത്?***

= ദിവസങ്ങളോളം കാട്ടിൽ താമസിക്കേണ്ടിവന്നിട്ടുണ്ട്. ടെന്റിലോ മറ്റോ ഒക്കെയാണ് പലപ്പോഴും താമസിക്കാറ്. അവിടെ പല ജീവികളുടെയും മറ്റും ബുദ്ധിമുട്ടുകളുണ്ടാവാറുണ്ട്. പക്ഷേ ഇതൊക്കെ ലൈഫിലെ ഒരു ത്രില്ലാണ്. പലയിടങ്ങളിൽ നിന്നും തലനാരിഴക്ക് രക്ഷപ്പെട്ടതാണ്. ഇതിനെയൊക്കെ വെല്ലുവിളിക്കാനും തൃണവത്കരിക്കാനുമുള്ള ശക്തി തരുന്നത് ജീവിതത്തിലെ കമ്മിറ്റ്മെന്റ്സും മറ്റുമാണ്.

***ഈ ഒരു മേഖലയിൽ സാർ ആഗ്രഹിച്ചിരുന്ന ഏതെങ്കിലും പ്രവർത്തനം നിറവേറ്റാൻ കഴിയാതെ പോയിട്ടുണ്ടോ?***

= യെസ്, അങ്ങനെയുള്ള കുറച്ചു കാര്യങ്ങളുണ്ടായിരുന്നു. ഇരുന്നൂറ് ക്ഷേത്രങ്ങൾ പുനരുദ്ധരിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷേ അതിന് ഒരു പിടി വർഷങ്ങളെടുക്കും. അതു പോലെ റെപ്ലിക്കാ മ്യൂസിയത്തിൽ കുറേ കൂടെ കാര്യങ്ങൾ ചെയ്യണമെന്നുണ്ടായിരുന്നു. അങ്ങനെ പലകാര്യങ്ങളും ജീവിതത്തിൽ പൂർത്തിയാക്കാൻ പറ്റിയിട്ടില്ല. ആ നിലയിലൊക്കെ ജീവിതം അപൂർണ്ണമാണ്.

***സാറിന്റെ ജീവിതത്തിൽ ഇനിയുള്ള ലക്ഷ്യമെന്താണ്?***

= ഇനിയുള്ള ലക്ഷ്യമെന്ന് പറയുന്നത് ഇതുവരെ ചെയ്ത കാര്യങ്ങളൊക്കെ എഴുതി ഒരു പുസ്തകമാക്കണം. അത് കൂടാതെ നാട്ടിൽ ചെറിയ ചെറിയ സേവനങ്ങൾ ചെയ്യണമെന്ന ആഗ്രഹത്തോടുകൂടിയാണ് നാട്ടിലേക്ക് വന്നത്.


# കാടിന്റെ രോദനം

മിനു ജോൺ



കേൾക്കൂ മനുഷ്യാ നീ
തകർത്തെറിയുന്ന
വനത്തിന്റെ നിസ്സഹായമാം
രോദനം!
സകലചരാചര
ജീവജാലങ്ങൾക്കും
ആശ്രയമാകുന്നു കാനനങ്ങൾ
ഇന്നിതാ കാനനഛായകൾ
ഊഷരഭൂവാക്കി
മാറ്റുന്നു നിൻ ചെയ്തികൾ
വിണ്ണിലും മണ്ണിലും നാശം
വിതയ്ക്കുന്ന
സ്വാർത്ഥത മുറ്റുന്ന നിൻ
കരങ്ങൾ
മഴകൊണ്ട് പച്ച പിടിക്കുന്ന
ഭൂവിനെ മഴുകൊണ്ട് മുഴുവൻ
തകർത്തിടുന്നു
ഭൂമിതൻ സാന്ത്വനമാകും
മനുഷ്യാ നീ
ഓർക്കുക നിൻ
ചെയ്തികൾക്കെന്നറുതി?!
ഓർക്കൂ മനുഷ്യാ നിൻ
ചെയ്തികൾ മൂലം
മരുഭൂമിയാകുമോ ഈ നാട്
ഒരു തൈ നടൂ മനുഷ്യാ നീ
ഇനി വരും പുതു തലമുറയ്ക്കായ്.





Click or Scan for Podcast

# ആഗോളവൽക്കരണം മാറുന്ന സംസ്കാരം

**കാശ്മീര**

ഇന്ത്യ ഇപ്പോൾ നേരിടുന്ന ഗുരുതരമായ സാമ്പത്തിക തകർച്ചയാണ് ആഗോളവൽക്കരണത്തിന് രണ്ടുപതിറ്റാണ്ട്.1991 രാജ്യം സാമ്പത്തിക പ്രതിസന്ധിയിൽ എത്തിയിരുന്നു. അതിനുശേഷം പുരോഗതിയിലേക്കുള്ള മാർഗ്ഗം നടപ്പാക്കിയത് ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്ന പുതിയ ഇന്ത്യ ജനങ്ങൾക്കായി തുറന്നുകൊടുത്തു. രാജ്യത്തിൻറെ എല്ലാ വാതിലും സാധന സേവനങ്ങളുടെ ഒഴുക്കിനായി തുറന്നിട്ടു. ആഗോളവൽക്കരണ കാലത്ത് ഒട്ടേറെ മാറ്റങ്ങൾ ഇന്ത്യയിൽ ഉണ്ടായി. എന്നാൽ അതേ സമയം ബഹുരാഷ്ട്ര കമ്പനികൾക്കും കോടീശ്വരന്മാർക്കും ഉണ്ടായ വളർച്ച ആഗോളവൽക്കരണം വന്നതോടു കൂടിയാണ്. സാമ്പത്തിക സാമൂഹിക സാങ്കേതിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ ലോക രാജ്യങ്ങൾ തമ്മിലുള്ള പരസ്പര ബന്ധമാണ് ആഗോളീകരണത്തിലൂടെ ഉണ്ടാകുന്നത്. എന്നാൽ ഈ മേഖലകൾ തമ്മിലുള്ള തരംതിരിവുകൾ ഇല്ലാതാക്കിയിരിക്കുന്നു. വിപണികൾ 24 മണിക്കൂറും തുറന്നു കൊടുത്തത് കൊണ്ട് വിപണിക്ക് ഉറക്കം ഇല്ലാതായിരിക്കുന്നു. മൊബൈൽ ഫോൺ, ഇൻറർനെറ്റ്, ഫാക്സ്, മാധ്യമ നെറ്റ്‌വർക്കുകൾ, പത്രങ്ങൾ റേഡിയോ എന്നീ മേഖലകളിൽ പുരോഗതി ഉണ്ടായി. ഇതുകൊണ്ടുതന്നെ ആഗോളവൽക്കരണത്തെ എതിർക്കുന്ന



**വിപണികൾ 24 മണിക്കൂറും തുറന്നു കൊടുത്തത് കൊണ്ട് വിപണിക്ക് ഉറക്കം ഇല്ലാതായിരിക്കുന്നു. മൊബൈൽ ഫോൺ, ഇൻറർനെറ്റ്, ഫാക്സ്, മാധ്യമ, നെറ്റ്‌വർക്കുകൾ, പത്രങ്ങൾ, റേഡിയോ എന്നീ മേഖലകളിൽ പുരോഗതി ഉണ്ടായി. ഇതുകൊണ്ടുതന്നെ ആഗോളവൽക്കരണത്തെ എതിർക്കുന്നത് എന്തിനാണെന്ന് പലർക്കുമറിയില്ല.**

ത് എന്തിനാണെന്ന് പലർക്കുമറിയില്ല.

ലോകത്ത് എവിടെയും ലഭിക്കുന്ന സാധനങ്ങൾ നമുക്ക് വാങ്ങാൻ കഴിയും കയ്യിൽ പണമുള്ളവർക്ക് ഇത് എളുപ്പമായിരിക്കും 12 ലക്ഷത്തോളം ആളുകൾ ജോലി ഉള്ളവരാണ് എന്നാൽ 41 ലക്ഷത്തോളം ആളുകൾ സാധാരണക്കാരാണ്.എന്നാൽ നമ്മുടെ ഉൽപ്പന്നങ്ങൾ ആർക്കും ആവശ്യമില്ല വിദേശ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ആകർഷണം തോന്നുകയും എല്ലാവരും അത്തരം സാധനങ്ങൾ വാങ്ങുകയും ചെയ്യുന്നു അതുകൊണ്ട് ഉയർന്ന വരുമാനമുള്ളവർക്ക് പരമ സുഖവും സാധാരണക്കാർ ദുരിതത്തിലും ആകുന്നു. ബഹുരാഷ്ട്ര കമ്പനികൾ ഉത്പാദിപ്പിക്കുന്ന ഉപഭോഗ വസ്തുക്കളോടുള്ള ഭ്രമം നടക്കാതെ ആകുമ്പോഴാണ് പല കുടുംബങ്ങളും കൂട്ട ആത്മഹത്യയിൽ എത്തുന്നത്. ജി.എസ്.ടി നടപ്പിലാക്കിയിട്ടും നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റം മാത്രമായി. പെട്രോളിയം വില ഓരോ ദിവസവും ഉയർന്നു കൊണ്ടിരിക്കുകയാണ് ഇനി പൊതുവിതരണ കേന്ദ്രം കൂടി സർക്കാർ സ്വകാര്യ മേഖലയ്ക്ക് കൊടുത്താൽ വിദേശകമ്പനികൾക്ക് ഇവിടേക്കു പ്രവേശിക്കാൻ എളുപ്പമായിരിക്കും. അതോടുകൂടി ഭക്ഷണത്തിനും കൂടി വില വർധിക്കുന്ന അവസ്ഥയിലേക്ക് രാജ്യം നീങ്ങും. ബാക്കി ഒട്ടുമിക്ക മേഖലകളിലും വിലക്കയറ്റം തുടങ്ങിയിരിക്കുന്നു.

ആഗോളവൽക്കരണം സാമ്പത്തിക രാഷ്ട്രീയ മേഖലയിൽ മാത്രമല്ല മാറ്റങ്ങൾ സൃഷ്ടിക്കുന്നത് സാംസ്കാരിക പൈതൃകത്തെ നശിപ്പിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം, പെരുമാറ്റരീതി, ആചാരാനുഷ്ഠാനങ്ങൾ എന്നിങ്ങനെയുള്ള എല്ലാ മേഖലകളിലും പുതിയ സംസ്കാരം ഉടലെടുക്കുകയും നമ്മുടെ പൈതൃകത്തെ നശിപ്പിക്കുകയും ചെയ്യുന്നു. എല്ലാവരും വിദേശ സംസ്കാരത്തെ അനുകരിക്കുകയും ഇത്തരം സംസ്കാര രീതികൾ ആണ് നല്ലത് എന്നുള്ള മനോഭാവം എല്ലാവരിലും ഉണ്ടാക്കിയെടുക്കുകയുമാണ് ചെയ്യുന്നത്. ആഡംബര വസ്തുക്കൾ, ഇന്റർനെറ്റ്, സൗന്ദര്യ വസ്തുക്കൾ, ടിവി ചാനൽ പരിപാടികൾ എന്നിവയിലും മാറ്റങ്ങൾ വന്നു തുടങ്ങിയിരിക്കുന്നു എന്നാൽ സമൂഹത്തിൽ ഉള്ള സഹജീവികളോടുള്ള സ്നേഹം, ദയ, സഹായ സഹകരണം എന്നിങ്ങനെയുള്ള മൂല്യങ്ങൾക്ക് പ്രസക്തി ഇല്ലാതായിരിക്കുന്നു. എല്ലാവർക്കും ലാഭം, മത്സരം, വാങ്ങി കൂട്ടൽ, വാരി കൂട്ടൽ എന്നീ മൂല്യങ്ങളാണ് മനുഷ്യജീവിതത്തിൽ ഇന്ന് പ്രാധാന്യമർഹിക്കുന്നത്. മനുഷ്യൻ അറിഞ്ഞോ അറിയാതെയോ അതി ന്റെ പുറകിൽ യാത്രചെയ്യുന്നു. ഇതിനെല്ലാം ഫലമായി കുറ്റകൃത്യം ആഗോളവൽക്കരണം ആയി മാറിയിരിക്കുന്നു. മയക്കുമരുന്ന് ആയുധങ്ങൾ എല്ലാം തന്നെ വികസിതരാജ്യങ്ങളിൽ എത്തുകയും അവിടെ നിന്നും പല സ്ഥലങ്ങളിലും ഇത്തരം സാധനങ്ങൾ ഒഴുകി നടക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ ക്രെഡിറ്റ് കാർഡ് എന്നിവ ദുരുപയോഗപ്പെടുത്തി പണം തട്ടിയെടുക്കുന്ന സംഘങ്ങളും ക്രിമിനൽ സംഘങ്ങളും പകരം ആഗോള ക്രിമിനൽ ഗ്രൂപ്പുകളായി മാറിക്കഴിഞ്ഞു. ആഗോളവൽക്കരണം ക്രിമിനൽവൽക്കരണവും നടത്തിക്കഴിഞ്ഞു.



**കുട്ടികളുടെ മനസ്സിലേക്ക് ഭിന്നമായ സാധുക്കൾ ചെറുപ്പംമുതലേ അവരെയും ലഹരിപിടിപ്പിക്കുന്ന മട്ടിലുള്ള പരസ്യങ്ങൾ. മാമ്പഴത്തിലെ സ്വാധീനത്തെക്കുറിച്ച് നമ്മുടെ കവി പാടിയത് നാട്ടു മാമ്പഴത്തിന്റെ സ്വാദിനെ കുറിച്ചാണ്. ഇത്തരം രുചിഭേദങ്ങൾ വന്നതോടുകൂടി നമ്മുടെ പ്രകൃതി വൈവിധ്യത്തിന് മാധുര്യം നശിപ്പിക്കുകയും ചെയ്തു.**



രുചിഭേദങ്ങളും ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരിച്ച് മാറിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾക്കിടയിൽ ഇന്ന് ഫാസ്റ്റ് ഫുഡ് സംസ്കാരം ആയി മാറിക്കഴിഞ്ഞു ഉപഭോഗ സംസ്കാരത്തിന്റെ പ്രലോഭനങ്ങളിൽ പെട്ട് ജീവിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത് പരസ്യങ്ങൾ മനുഷ്യമനസ്സിൽ വളരെ പ്രാധാന്യമർഹിക്കുന്നു. മനുഷ്യൻ ആഗ്രഹങ്ങൾ ഉൽപാദിപ്പിക്കുന്ന ഒട്ടേറെ ഫാക്ടറികൾ വന്നുകഴിഞ്ഞു. നമ്മൾ ഏതു വസ്ത്രം ധരിക്കണമെന്നും എന്ത് കഴിക്കണമെന്നും ആരാണ് തീരുമാനിക്കുന്നത്? വീട്ടിലേക്കുള്ള എല്ലാ സാധനങ്ങളും വാങ്ങാൻ ആരാണ് പ്രേരിപ്പിക്കുന്നത്? ഇതൊന്നും വാങ്ങാത്തത് കൊണ്ട് ജീവിതം പൊള്ളയാണെന്ന് മനസ്സിനോട് പറയുന്നതും ആരാണ്? കുട്ടികളുടെ മനസ്സിലേക്ക് ഭിന്നമായ സാധുക്കൾ ചെറുപ്പംമുതലേ അവരെയും ലഹരിപിടിപ്പിക്കുന്ന മട്ടിലുള്ള പരസ്യങ്ങൾ. മാമ്പഴത്തിലെ സ്വാധിനെ ക്കുറിച്ച് നമ്മുടെ കവി പാടിയത് നാട്ടു മാമ്പഴത്തിന്റെ സ്വാദിനെ കുറിച്ചാണ്. ഇത്തരം രുചിഭേദങ്ങൾ വന്നതോടുകൂടി നമ്മുടെ പ്രകൃതി വൈവിധ്യത്തിന് മാധുര്യം നശിക്കുകയും ചെയ്തു. വാങ്ങുക, കുടിക്കുക, പുറത്തേക്ക് എറിയുക. ജീവിതം നിറച്ചൊരു കൂടുകൾ നാളേക്കില്ല. പെറുക്കിയെടുക്കുന്ന മാമ്പഴത്തിലെ രുചി ഒരു ചതുര പ്പെട്ടിയിൽ നിന്നും വിട്ടുകൊടുക്കുമ്പോൾ കിട്ടുന്നത് ഇല്ലാത്ത സ്വാദാണ്.അമ്മ കുട്ടികൾക്ക് കൊടുക്കുന്ന സ്വാദ് മഞ്ഞവെയിൽ അടച്ച് സ്വാദാണ്. രണ്ടു മിനിറ്റ് കൊണ്ട് മേശയിൽ എത്തിച്ചുകൊടുക്കുന്നത് ആയി മാറി കഴിഞ്ഞു നാട്ടിൻപുറങ്ങളിലെ രുചി മുതിർന്നവരുടെ ഓർമ്മകളിൽ മാത്രമേ അവശേഷിക്കുന്നുള്ളൂ.

വിപണന സംസ്കാരം നമ്മുടെ ജൈവ വ്യവസ്ഥയ്ക്ക് മങ്ങലേൽപ്പിച്ചു. ഇതിന് ബലിയാടായി തീരുന്നത് നമ്മുടെ പുതുതലമുറ ആണ്. ആഗോളീകരണം സൃഷ്ടിക്കുന്ന use and throw (ഉപയോഗിച്ച് ഉപേക്ഷിക്കുക) എന്ന പ്രത്യയശാസ്ത്രത്തിലേക്കാണ് നാം ഇന്ന് എത്തിച്ചേർന്നത്. ഈ സംസ്കാരം ഭാരതീയ സംസ്കാരത്തിൽ വിശ്വസിക്കുന്ന നമുക്ക് സ്വീകാര്യമല്ല. ആഗോളീകരണം കൊണ്ട് വിലക്കപ്പെട്ടത് നമ്മുടെ സംസ്കാരമാണ്. മറ്റൊരു സംസ്കാരത്തിൽ നാം വിശ്വസിക്കുമ്പോൾ ആണ് നമ്മൾ പൊള്ളയായ മനുഷ്യൻ ആകുന്നത്. ഭൂത മാതാവിനെ വന്ദിക്കുകയും വേദങ്ങളും ഉപനിഷത്തുകളും ഉള്ള നാടാണ് നമ്മുടേത്. എന്നാൽ ഇന്ന് വിശ്വാസങ്ങളും ആചാരങ്ങളും മാറി മറിഞ്ഞിരിക്കുന്നു.ചായ കോപ്പ കളിലൂടെയും ഭക്ഷണത്തിന് വ്യത്യസ്ത രൂപത്തിലും ആഗോളവൽക്കരണം നമ്മുടെ വീടുകളിൽ എത്തി. വസ്ത്ര ശൈലിയും വൈവിധ്യവൽകരിച്ച യുവതി-യുവാക്കൾ കലകളെല്ലാം വരണ്ടുണങ്ങി റിയാലിറ്റിഷോകൾ ആയി മാറിയത് ഇതിൻറെ ഫലമായാണ്. ആഗോളീകരണം അങ്ങേയറ്റം ജനജീവിതത്തിൽ വേരുകളാഴ്ത്തി കഴിഞ്ഞിരിക്കുന്നു. ശരിക്കും പറഞ്ഞാൽ ഒരു വലിയ കെണിയിലാണ് നാമിന്ന് അകപ്പെട്ടിരിക്കുന്നത്

Click or Scan for Podcast



# ഭാഗ്യവാൻ

അദീല നൗറിൻ

**'ഇത് ഹൃദയം കൊടുത്തതിന് മകൻ തന്ന പ്രതിഫലം .... ചോര നീരാക്കി പോറ്റിവളർത്തിയതിന്.... നെഞ്ചോട് ചേർത്ത് പാടിയുറ ക്കിയതിന് , മാതൃസ്നേഹത്തിന്റെ അഭാവം അറിയിക്കാത്തതിന്'. അയാളുടെ തുരുമ്പിച്ച പാത്രത്തിലിരിക്കുന്ന  നൂറ് രൂപകണ്ട് സഹപ്രവർത്തകർ മനസ്സിൽ പറഞ്ഞു ' ഭാഗ്യവാൻ'.**

കാര്യമായി വല്ലതും തടയണമേ എന്ന പ്രാർത്ഥനയോടെ അയാൾ ആ കാറിനു നേരെ തുരുമ്പിച്ച പിച്ചപ്പാത്രം നീട്ടി. വിൻഡോ ഗ്ലാസ് താഴ്ത്തി ആ കാറിലുള്ള വലിയ മനുഷ്യൻ നൂറ് രൂപയുടെ ചുളിയാത്ത ഒരു നോട്ട് അയാളുടെ പിച്ചപാത്രത്തിന് സമ്മാനിച്ചു. മുഖമുയർത്തി നോക്കാതെ ആ മനുഷ്യൻ വണ്ടിയോടിച്ചുപോയി. പിച്ചപ്പാത്രം അയാളുടെ കൈകളിലിരുന്ന് വിറച്ചു. ആ നോട്ടെടുത്ത് അയാൾ മുഖത്തോട് ചേർത്ത് ഒന്നു മണത്തുനോക്കി. അതിന് അയാളുടെ വിയർപ്പിന്റെ മണമായിരുന്നു. കുഴിഞ്ഞ് പോയ അയാളുടെ കണ്ണിൽ നിന്നും ഒരിറ്റു കണ്ണുനീർ ചുക്കിചുളിഞ്ഞ കവിളിലൂടെ ആ പിച്ച പാത്രത്തിൽ വന്നു വീണു. ആ കണ്ണുനീർതുള്ളി അയാളോടു പറഞ്ഞു!. 'ഇത് ഹൃദയം കൊടുത്തതിന് മകൻ തന്ന പ്രതിഫലം .... ചോര നീരാക്കി പോറ്റി വളർത്തിയതിന്.... നെഞ്ചോട് ചേർത്ത് പാടിയുറക്കിയതിന് , മാതൃസ്നേഹത്തിന്റെ അഭാവം അറിയിക്കാത്തതിന്'. അയാളുടെ തുരുമ്പിച്ച പാത്രത്തിലിരിക്കുന്ന നൂറ് രൂപ കണ്ട് സഹപ്രവർത്തകർ മനസ്സിൽ പറഞ്ഞു 'ഭാഗ്യവാൻ'.

# ഉപ്പാക്കൊരു കത്ത്

ഏറ്റവും സ്നേഹം നിറഞ്ഞ ഉപ്പാ,

സാങ്കേതികവിദ്യ ഇത്രത്തോളം വളർന്നിട്ടും ഇവളെന്താ ഒരു കത്തെഴുതുന്നത് എന്ന് കരുതുന്നുണ്ടാകാം. ആദ്യം തന്നെ ഒരു നന്ദി പറഞ്ഞുകൊണ്ട് തുടങ്ങട്ടെ. എന്തിനെന്നല്ലേ, എല്ലാത്തിനും. ഉമ്മയുടെ സ്നേഹം അനുഭവിക്കുമ്പോഴും ഉപ്പയുടെ സ്നേഹം കരുതലിലൂടെയും ശാസനത്തിലൂടെയും ഞാനറിയുന്നുണ്ടായിരുന്നു.

ജീവിതമാകുന്ന ഈ യാത്രയിൽ എന്റെ താങ്ങും തണലുമായ വൃക്ഷമാണ് നിങ്ങൾ. ഉമ്മയുടെ ഗർഭപാത്രത്തിൽ നിന്നും പുറം ലോകത്തിന്റെ ചൂടേറ്റ് ഞാൻ വളരുമ്പോൾ എന്നോടൊപ്പം വളർന്ന വൃക്ഷം. പലപ്പോഴും ഞാൻ തളർന്നു പോകുന്ന വേളയിൽ എനിക്ക് നേർവഴി കാട്ടിയ നായകൻ. എന്റെ ജീവിതത്തിൽ ഞാൻ കണ്ട നന്മമരമാണ് നിങ്ങൾ. അധ്യാപകനായത് കൊണ്ടും അധ്യാപനത്തിന്റെ മൂല്യം അറിയുന്നത് കൊണ്ടുമാകണം എന്നെയും ആ പാതയിലൂടെ നയിച്ചത്. നന്ദിയുണ്ട് ഉപ്പാ ഒരുപാട്.

ഏതൊരു പെണ്ണിനും വിധിക്കപ്പെട്ടതാണ് ഭർതൃവീട്. നമ്മുടെ വീട്ടിൽ നിന്നും പടിയിറങ്ങിയ നിമിഷം ആ കണ്ണുകളിൽ ഞാൻ കാണുന്നുണ്ടായിരുന്നു ഉപ്പാ നിങ്ങൾക്ക് എന്നോടുള്ള സ്നേഹം.

ഒരിക്കൽ കൂടി ഉപ്പാക്കും ഉമ്മാക്കും നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു. എന്നെ ജനിപ്പിച്ചതിനും ജീവിപ്പിച്ചതിനും ജീവിക്കാൻ പഠിപ്പിച്ചതിന്നും. കൂടാതെ മരണം വരെ എന്റെ കൈ പിടിക്കാൻ ഒരു സഹചാരിയെ കണ്ടത്തി തന്നതിനും ഹൃദയത്തിൽ നിന്നും നന്ദി പറയുന്നു.

സ്നേഹപൂർവ്വം,
നിങ്ങളുടെ സ്വന്തം
**ഷിഫാന**

Click or Scan for Podcast

# അവഗണിക്കപ്പെടുന്ന വാർദ്ധക്യം


അമൃത.ടി.എസ്

**ഓരോ മക്കളുടേയും ഉത്തരവാദിത്വമാണ് സ്വന്തം അച്ഛനമ്മമാരെ സംരക്ഷിക്കുകയെന്നുള്ളത്. വെറുമൊരു പാഴ് വസ്തുക്കളായി മാറേണ്ടവരല്ല നമ്മുടെ അച്ഛനമ്മമാർ. വാർദ്ധക്യം ഒരു രോഗമല്ല, നാം ഒരോരുത്തർക്കും വന്നു ചേരുന്ന ഒരു അവസ്ഥയാണ്. അതുകൊണ്ട് നമ്മുടെ അച്ഛനമ്മമാരെ അനാഥത്വത്തിലേക്ക് തള്ളിവിടാതിരിക്കുക. അവർ നമ്മളെ എങ്ങനെ വളർത്തിയോ, അതുപോലെ അവരെയും നമ്മൾ സംരക്ഷിക്കുക.**

അവഗണന കൊണ്ടോ അറിവില്ലായ്മ കൊണ്ടോ ഇന്ന് നമ്മുടെ നാടിനൊരു ശീലമായി മാറിയിരിക്കുന്നു, വൃദ്ധരായ മാതാപിതാക്കളെ ആരാധനാലയങ്ങളിലും, വൃദ്ധസദനങ്ങളിലും, വഴിയോരങ്ങളിലും മറ്റും ഉപേക്ഷിക്കപ്പെടുന്നത്. സ്വത്തുക്കൾ വീതം വെയ്ക്കുന്നതുവരെ, നമ്മൾക്ക് നമ്മുടെ അച്ഛനമ്മമാർ വളരെ പ്രിയപ്പെട്ടതാണ്. അതിനു ശേഷം മിക്ക മാതാപിതാക്കളും കറിയിലെ കറിവേപ്പില പോലെയാണ്. അവസാനം വൃദ്ധസദനങ്ങളും, ആരാധനാലയങ്ങളും, വഴിയോരവുമാണ് അവർക്ക് അഭയം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വൃദ്ധരായ മാതാപിതാക്കളെ ഉപേക്ഷിക്കപ്പെടുന്നത് നമ്മുടെ കൊച്ചു കേരളത്തിലാണ്.

വളരെയേറെ പ്രാധാന്യത്തോടുകൂടി നാം വാർദ്ധക്യദിനം പോലും ആചരിക്കുന്നുണ്ട്. അപ്പോഴും ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കളുടെ എണ്ണം കൂടിക്കൊണ്ടേയിരിക്കുന്നു. ജീവിക്കുക എന്ന ആവശ്യത്തിനപ്പുറം എല്ലാം വെട്ടിപ്പിടിക്കുക എന്ന ദുരാഗ്രഹവുമായി ഓടുമ്പോൾ, വീട്ടിൽ കഴിയുന്ന വൃദ്ധരായ മാതാപിതാക്കൾ മക്കൾക്ക് ഭാരമായി തോന്നുന്നു. തങ്ങൾക്കും നാളെ ഈ ഒരു അവസ്ഥ വന്നുചേരാനുള്ള സാധ്യതയുണ്ട് എന്ന ഒരു ബോധവും ഇല്ലാതെയാണ് ഇങ്ങനെയൊരു ക്രൂരത അവർ മാതാപിതാക്കളോട് ചെയ്യുന്നത്.

ഓരോ മക്കളുടേയും ഉത്തരവാദിത്വമാണ് സ്വന്തം അച്ഛനമ്മമാരെ സംരക്ഷിക്കുകയെന്നുള്ളത്. വെറുമൊരു പാഴ്വസ്തുക്കളായി മാറേണ്ടവരല്ല നമ്മുടെ അച്ഛനമ്മമാർ. വാർദ്ധക്യം ഒരു രോഗമല്ല, നാം ഒരോരുത്തർക്കും വന്നു ചേരുന്ന ഒരു അവസ്ഥയാണ്. അതുകൊണ്ട് നമ്മുടെ അച്ഛനമ്മമാരെ അനാഥത്വത്തിലേക്ക് തള്ളിവിടാതിരിക്കുക. അവർ നമ്മളെ എങ്ങനെ വളർത്തിയോ, അതുപോലെ അവരെയും നമ്മൾ സംരക്ഷിക്കുക.




മൈമൂനാസ്

# സ്വപ്ന സുന്ദരി

ഫേസ്ബുക്കിലൂടെ പരിചയപ്പെട്ട അനുവിനെ നേരിൽ കാണാൻ പുറപ്പെടുമ്പോൾ അമൽ ആലോചിച്ചു. തന്റെ  സ്വപ്നസുന്ദരിയുടെ രൂപം എങ്ങനെയാവും? യാത്രയിൽ അവളെ കുറിച്ച് മാത്രം ചിന്തിച്ച് സ്വപ്നങ്ങൾ ഒരുപാട് നെയ്തു കൂട്ടി. കിളിക്കൊഞ്ചൽ പോലുള്ള അവളുടെ സ്വരമാണ് സുമുഖനായ അവനെ ഏറെ ആകർഷിച്ചത്. തന്റെ  എത്രയോ ഫോട്ടോ അനുവിന് അയച്ചു കൊടുത്തിട്ടും അവളുടെ ഒരു ഫോട്ടോ പോലും അയച്ചു തന്നിട്ടില്ല. നേരിൽ വന്നു കണ്ടാൽ മതി എന്നാണ് അവളുടെ വാദം. ലക്ഷ്യസ്ഥാനം അടുക്കുംതോറും  ആകാംക്ഷയും കൂടി വന്നു.

ഇറക്കമുള്ള ഒരു ലഹങ്കയും ധരിച്ച് ബസ്റ്റോപ്പിലെ കസേരയിൽ അവൾ ഇരിക്കുന്നുണ്ടായിരുന്നു. അമലിന് അത്ഭുതം തോന്നി. താൻ മനസ്സിൽ കണ്ടതിനേക്കാൾ സുന്ദരി. അവൻറെ മുഖം പതിനാലാം രാവ് പോലെ പ്രകാശിച്ചു. ആഹ്ലാദത്തോടെ അവൻ അടുത്തേക്ക് ചെന്നു. പുഞ്ചിരി തൂകി കൊണ്ട് അവൾ അവനെ സ്വീകരിച്ചു. തൊട്ടടുത്ത സീറ്റിൽ ഇരുന്നുകൊണ്ട് മനോഹരമായ അവളുടെ മുഖത്തേക്ക് നോക്കി സ്വപ്നാടനത്തിലെന്ന പോലെ അവൻ ചോദിച്ചു: ഏറെനേരമായോ.... എത്തിയിട്ട്?

'ഇല്ല....' ലജ്ജയോടെ അവൾ മൊഴിഞ്ഞു. പിന്നീട് രണ്ടുപേരും ഒരുപാട് നേരം സംസാരിച്ചിരുന്നു. ഭാവികാര്യങ്ങൾ ചർച്ച ചെയ്തു. വീട്ടുകാർ എതിർത്താൽ ഒളിച്ചോടാൻ തീരുമാനമായി. പലരും ശ്രദ്ധിച്ചു കടന്നുപോയെങ്കിലും അവർ അത് കാര്യമാക്കിയില്ല. 'പിരിയുന്നതിനുമുമ്പ് നമുക്കൊരു ജ്യൂസ് കുടിച്ചാലോ' അവന്റെ  ക്ഷണം സ്വീകരിച്ചുകൊണ്ട് അവൾ തലയാട്ടി. 'എങ്കിൽ വരൂ...... നമുക്കാ  കൂൾ ബാറിലേക്ക് പോവാം'. എന്റെ ഏട്ടൻ വരട്ടെ എന്നിട്ട് പോവാം. ഏട്ടനോട് ഞാൻ എല്ലാ കാര്യവും പറഞ്ഞിട്ടുണ്ട്. ഏട്ടൻ വരുമ്പോഴേക്കും നമുക്ക് തിരിച്ചു വരാം. അത് ശരിയാവില്ല ഏട്ടനില്ലാതെ എനിക്ക് വരാനാവില്ല. അതു കേട്ടവൻ കുസൃതി കണ്ണിലൊളിപ്പിച്ച് തമാശയായി ചോദിച്ചു: 'നമ്മുടെ വിവാഹം കഴിഞ്ഞാലും ഏട്ടൻ കൂടെ വേണ്ടി വരുമോ?' താങ്കൾ എന്നെ നടക്കാൻ സഹായിക്കുമെങ്കിൽ ഏട്ടതന്റെ  ആവശ്യമില്ല.'എന്താ പറഞ്ഞത് ?' അമ്പരപ്പോടെ അവൻ ചോദിച്ചു. ശോഷിച്ച കാലുകളിൽ തടവിക്കൊണ്ട് അവൾ പറഞ്ഞു 'പരസഹായമില്ലാതെ എനിക്ക് നടക്കാൻ കഴിയില്ല'. കേട്ടത് ഉൾക്കൊള്ളാനാവാതെ അവൻ മിഴിച്ചുനിന്നു. പിന്നെ ഒരു നിമിഷം അവളുടെ മുഖത്തേക്ക് ക്ഷോഭത്തോടെ നോക്കിയിട്ട് തിരിഞ്ഞുനടന്നു. തിരക്കിൽ ഒരു ബിന്ദുവായി പെട്ടെന്ന് അലിഞ്ഞു. ആ കണ്ണുകളിൽ വെറുപ്പും പുച്ഛവും കണ്ട്  കളങ്കമില്ലാത്ത ഒരു മന്ദഹാസവുമായി അനു ഏട്ടനെ കാത്തിരുന്നു.

Click or Scan for Podcast



# TAKE A FLY

Ashly Mathew

I had a dream last night
An angel with her wanton came;
Send from heaven to grant my wish,
Humble is my wish, all I need is a push,
Oh! Messenger of God,
Hear you not the whoop of the cloud?
All I want his cheeks to leave,
A ruddy stain out my gentle kiss.

Like a swift I flew in no fear,
Away from vexed life in no care.
The rainbow has its magnificient glow,
Like a gate she stood to pass a smile.
On my face, fell the seven Zealous hues,
Blessed am I to receive her glare.

Like a dust I float unobserved,
Appeared and disappeared from human eye.
You can call it a flee if thee like,
But mistake me not as a coward.

Tell me if you are a little sad
Then I can hold your arms in mine.
Make you stride through fluffy cloud,
with you and me does share his tale
Take refugee in him, peace and glee you gain,
Dwindle thou woes to see lighter you carry.


Meet Mr fluffy cloud, here I remind you this
"pal of sky is righteous than foe of land".
After all, When does my dream come true?



Click or Scan for Podcast

# MERMAID & FISHERMAN

Anna Ruphus



An ocean, deep in its colour and chasm and home to a varied, plentiful marine life. Varied as the ocean contain mythical life forms like sea fairies, mermaids and the darkest witches too. This is similar to any form of a mermaid story but different in taste and aroma.

Are mermaids beautiful? Do they have insecurities? Our mermaid, Laila, is insecure upon the various features she is born with. Her belly isn't trim, her nose is like a flattened sea shell. Instead of bold and beautiful, she is big and bulky. At the end, beauty is mere perception and she being the only one who appreciates herself.

The family she is born into is full of gorgeous mermaids. Men and women alike are the recipients of wonderful comments upon their appearance. Born ugly into the family of beauty is the henious crime the creator can ever commit. Laila shuts her ears tight to all the inferior complexities her inner Laila spits out.

One fine day, as usual, she was playing pranks with the fishermen. Unfortunately she got entangled in one of the fish nets. Laila struggled to escape but was enticed at the fisherman. Everyone might wonder that the sharp features of

the fisherman attracted her but the true love wasn't struck by it. The mermaid was struck by the sweet, innocent chat the fisherman had into the open space. Or she thought that he was engulfed in the serene, solitude of the wide ocean, "accidentally" laying traps for the fish. Seeing it a mermaid, he felt like grabbing onto the nets. But he fell for the innocent charm of the mermaid and let loose the nets, but with lots of conditions.

The first in the list of conditions was a chip to be inserted. A chip was stitched onto Laila's arms, which she was persuaded to take wherever she went. Mermaids shed their scales every month. These scales are expensive when sold in the human world. The second condition is that the scales shall be given to the fisherman. The final condition was that she shall never appear Infront of any human other than the fisherman thereafter. For all these, mermaid gets the innocent chat of fisherman in return. So was it promised but everyone knows that promises are the sweetest lies.

The life with fisherman seemed to be adventurous. She experienced a ride in the boat. She explored the shrewd human world. The mermaid was immersed in the bliss of love. Slowly she started to drown in the list of conditions. She endured all of it to see her fisherman. The mermaid sacrificed the kingdom offered,to be with him. The mermaid left everything she needed for a wonderful marine life, just to see her love. Both knew that they can never be together. For mermaid, this is not a fairy tale to lose her soul. Moreover, for her, the soul is the one last thing left.

Did the mermaid truly understand fisherman? Did she ever know the hidden traps laid by the fisherman? One day, he came to bid bye, along with a faint promise of never going to be apart forever. The fisherman was able to buy a ship with all the money he collected and began to sail on it. Fisherman found the ship better than the mermaid. But he wanted her scales. So was the promise of a never going to be apart forever. Finally, the mermaid realises the plight she has brought herself into. The mermaid thought of laying the plans for drowning the ship which she could do in a twitch of a finger. But she retreated as she recognised that she can never hurt someone she truly cared for. She can forgive but cannot be cheated again. The mermaid swam into the chasm, into the darkness, where none ever saw her. The breaking away was hard. She came to the surface at night and seeing her fisherman happy on his ship, she left the surface forever. The mermaid began to create a new world deprived of everything, surviving on what she is left with.


Click or Scan for Podcast

# THE WORTHY TEACHERS


Raheena KP

Teachers....
How important teachers really are!
Their creativity....
Their dedication ...
Their passion....
Its time for a reminder
For every child who says
“I am not smart enough”
“I don’t get it”
“I can’t”
There is a teacher who says
“You CAN!

For every child who needs
Basic skills, knowledge
Someone to believe in him
There is a good teacher who will do
Whatever it takes to
Encourage.....Challenge....Engage.....
Inspire.....Motivate...
There is a teacher who will do
Whatever it takes to
And istill a love for learning
They make a difference!
Reaching out to each child
to become the next great
Author.....artist....scientist....
Architect...musician..doctor..
Engineer...leader....
And a responsible global citizen!!



# വരയും കുറിയും




SHADIYA. K



ARCHANA P



AYISHA SHADA

Click or Scan for Podcast

Click or Scan for Podcast

Click or Scan for Podcast




ANUSREE DEEKSHITH



NIHALA. M.T



HARITHA. S.S



RIVANSHA NASREEN

Click or Scan for Podcast
Click or Scan for Podcast
Click or Scan for Podcast
Click or Scan for Podcast

Click or Scan for Podcast

# യൂണിയൻ റിപ്പോർട്ട് 2018–19

**സുവർണ്ണ നഗരിയായ കൊടുവള്ളിയുടെ വിദ്യാഭ്യാസ മേഖലയ്ക്ക് പൊൻതൂവൽ ചാർത്തി ഉദിച്ചുയർന്ന കൊടുവള്ളി മുസ്‌ലിം ഓർഫനേജിന്റെ കയ്യൊപ്പ് പതിഞ്ഞ അദ്ധ്യാപക സ്ഥാപനമാണ് കെ.എം.ഒ. കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, കൊടുവള്ളി. പുതുതലമുറയെ വാർത്തെടുക്കാൻ ഒരു പറ്റം മാതൃകാ അദ്ധ്യാപകരെ സമ്മാനിച്ച സ്ഥാപനം സമൂഹത്തിന് ഒരു മുതൽകൂട്ടാണ്.**

**തങ്ങളിലർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞു എന്ന ഉറപ്പോടെയാണ് 2018–19 വർഷത്തെ യൂണിയൻ ഈ റിപ്പോർട്ട് സമർപ്പിക്കുന്നത്. ഫലപ്രദവും മികവുറ്റതുമായ ഒരുപാട് പരിപാടികളും പ്രവർത്തനങ്ങളും നടത്തുന്നതിൽ മുന്നിട്ടു നിന്ന യൂണിയൻ സാരഥികൾ;**

ചെയർമാൻ–**എ.പി.എം ബഷീർ ഹുദവി**
വൈസ് ചെയർപേഴ്സൺ – **അന്ന റൂഫസ്.**
ജന. സെക്രട്ടറി – **റാസിന.കെ.**
ജോ. സെക്രട്ടറി – **നദ.കെ. സുബൈർ.**
യു. യു. സി. – **ഷാഹിദ് റംസാൻ**
ഫൈൻആർട്സ് സെക്രട്ടറി – **ആഷ്‌ലി മാത്യു.**
സ്റ്റുഡന്റ് എഡിറ്റർ – **ദിൽറൂബ.എം**
ജനറൽ ക്യാപ്റ്റൻ – **സ്നേഹ നിതീഷ്.**

ക്ലാസ് പ്രതിനിധികൾ;
സോഷ്യൽ സയൻസ് – **ശ്രുതി. കെ.**
ഇംഗ്ലീഷ് – **അന്ന റൂഫസ്.**
ഫിസിക്കൽ സയൻസ് – **സുനൈന ബീവി**
മാത്തമാറ്റിക്സ് – **അനുശ്രീ.**

**യൂണിയൻ ഉദ്ഘാടനം:**

'KOMOREBI' (Sunlight filtering through trees) എന്ന പേരിൽ വർണാഭമായ പരിപാടികളോടെ 2018–19 യൂണിയന്റെ ഉദ്ഘാടനം 09 –10 – 2018 ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. യൂണിയൻ ചെയർമാൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ യു.കെ. മുഹമ്മദ് സർ മുഖ്യപ്രഭാഷണം നടത്തി. യൂണിയൻ ഉദ്ഘാടനം കുന്നമംഗലം നിയോജക മണ്ഡലം എം.എൽ.എ പി.ടി.എ റഹീം നിർവ്വഹിച്ചു. പ്രസ്തുത പരിപാടിയിൽ കോമഡി ഉത്സവം സ്റ്റാർസ് ഫെയിം ജാബിർ ഷാ മുഖ്യാതിഥി ആയിരുന്നു. ജനറൽ സെക്രട്ടറി സ്വാഗതവും വൈസ് ചെയർ പേഴ്സൺ നന്ദിയും പറഞ്ഞു.

**റൊബോറ 2k19:**

2018–19 യൂണിയന്റെ കാലത്തെ പൊൻതൂവലാണ് പത്ത് ദിവസത്തോളം നീണ്ടു നിന്ന റൊബോറ 2k19. ഓരോ ദിവസവും വ്യത്യസ്ത ക്ലബ്ബുകൾക്കായി നൽകിക്കൊണ്ട് ഏവർക്കും നവ്യാനുഭവം നൽകാൻ യൂണിയന് സാധിച്ചു. ആദ്യ ദിവസം ശ്രീ.കെ.കെ. സുബൈറിന്റെ മോട്ടിവേഷനൽ സെഷനിലൂടെ ആരംഭിച്ച പരിപാടി എല്ലാവരേയും ചിന്തിപ്പിക്കുകയും ഉത്സാഹം ജനിപ്പിക്കുകയും ചെയ്യുന്ന തരത്തിലായിരുന്നു.

പരിപാടിയുടെ രണ്ടാം ദിവസം നേച്ചർ ക്ലബ്ബിന്റെ ഭാഗമായി 'കൃഷിപാഠം' എന്ന പരിപാടിയിലൂടെ കാർഷിക മേഖലയിലെ പുത്തൻ ആശയങ്ങളെക്കുറിച്ചും രീതികളെ കുറിച്ചും ഏവർക്കും മനസ്സിലാക്കാൻ കഴിഞ്ഞു. 'Fiesta 2k19' എന്ന പേരിൽ സംസ്കാരങ്ങളിലെ വൈവിധ്യം ഫാഷൻ ഷോയിലൂടെ നമ്മളിലേക്കെത്തിക്കാൻ സോഷ്യൽ സയൻസ് ക്ലബ്ബ് വൈദഗ്ധ്യം കാണിച്ചു. കൂടാതെ നാടകമേ ഉലകം, ടാബ്ലോ, വോട്ട് കഥ (ഡോക്യൂമെന്ററി), സീക്രട്ട് പാസ്സിംഗ് തുടങ്ങി വൈവിധ്യമാർന്ന പരിപാടികളിലൂടെ അവർ കാണികളെ കയ്യിലെടുത്തു. മീഡിയ ക്ലബ്ബിന്റെ ഭാഗമായി നടന്ന 'Sliding across moments' ഗൃഹാതുരത്വം ഉണർത്തുന്ന പരസ്യങ്ങളുടെ സംപ്രേക്ഷണം, ടിക്ടോക് മത്സരങ്ങൾ, ചാനൽ സ്കിറ്റ് തുടങ്ങിയ പരിപാടികൾ മികവ് പുലർത്തുന്നവയായിരുന്നു. ഉത്സാഹഭരിതമായ ക്വിസ് മത്സരങ്ങളിലൂടെ ഗണിത ക്ലബ്ബ് മുന്നേറിയപ്പോൾ തത്സമയ മാഗസിൻ നിർമ്മാണത്തിലൂടെയും, കഥാരചന മറ്റു മത്സരങ്ങളിലൂടെയും ലിറ്ററി ക്ലബ്ബ് മാറ്റുരക്കാനെത്തി. സയൻസ് ക്ലബ്ബിന്റെ പരിപാടികളിൽ ഏവരെയും അത്ഭുതപ്പെടുത്തിയത് ഡാർക്ക് റൂമിലെ പ്രസന്റേഷനായിരുന്നു. തുടർന്ന് നടന്ന എക്സിബിഷനും ഏവരിലും കൗതുകമുണർത്തി.

**കേരള പിറവി:**

എല്ലാ പ്രത്യേക ദിവസങ്ങളും ആഘോഷകരമാക്കുന്ന യൂണിയൻ കേരള പിറവി ദിനവും വളരെ വൈവിധ്യവും ആവേശകരവുമായ പരിപാടികളോടെ നടത്തി. മലയാളി മങ്കയെയും മാരനേയും, ഫാഷൻ ഷോയിലൂടെ തിരഞ്ഞെടുക്കൽ, മലയാളം മാത്രം സംസാരിക്കൽ, തുടങ്ങിയ മത്സര ഇനങ്ങൾ കൂടാതെ തിരുവാതിരയും പാട്ടുമൊക്കെയായി പരി



പാടി ഗംഭീരമായി ആഘോഷിച്ചു. ഉച്ചയ്ക്ക് വിഭവ സമൃദ്ധമായ സദ്യയും ഒരുക്കിയിരുന്നു.

**ക്രിസ്മസ്:**

യൂണിയന്റെ കീഴിൽ നടന്ന മറ്റൊരു മനോഹരമായ പരിപാടിയായിരുന്നു ക്രിസ്മസ് ആഘോഷം. ഡിസംബർ19ന് രാവിലെ ഫാദർ ജോർജ് വെള്ളക്കാകുടിയിൽ പരിപാടി ഉദ്ഘാടനം ചെയ്തു. ശേഷം കേക്ക് മുറിക്കലും തുടർന്ന് ഏതാനും വിദ്യാർത്ഥികൾ അവതരിപ്പിച്ച കരോൾ ഗാനവും ഉണ്ടായിരുന്നു. ക്രിസ്മസിന് വേണ്ടി പുൽകൂടും ക്രിസ്മസ് ട്രീയും ഒരുക്കിയിരിക്കുന്നു. ഉദ്ഘാടന ചടങ്ങിന് മാറ്റു കൂട്ടാൻ ക്രിസ്മസ് അപ്പൂപ്പനും എത്തിയിരുന്നു. ഒരു ദിവസത്തെ പരിപാടിയുടെ അവസാനം ഓരോരുത്തരും ലോട്ടിട്ട് തിരഞ്ഞെടുത്ത ക്രിസ്മസ് ഫ്രണ്ടിന് ഗിഫ്റ്റ് കൈമാറി.

**ആർട്സ് ഫെസ്റ്റ്:**

'ഇലത്താളം 1194'എന്ന പേരിൽ 2018-19 യൂണിയൻ രണ്ടു ദിവസം നീണ്ടുനിന്ന ആർട്സ് ഫെസ്റ്റ് നടത്തി. പരിപാടിയുടെ ആദ്യ ദിവസമായ ഫെബ്രുവരി 28ന് ഉദ്ഘാടന ചടങ്ങോടുകൂടിയാണ് മത്സര ഇനങ്ങൾക്ക് തുടക്കം കുറിച്ചത്. 'ഇലത്താളം 1194'ന്റെ ഉദ്ഘാടനം കുന്നമംഗലം നിയോജക മണ്ഡലം എം.എൽ.എ പി.ടി.എ റഹീം നിർവഹിച്ചു. പ്രശസ്തനായ എഴുത്തുകാരൻ ബാപ്പു വാവാട് ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു. കൊടുവള്ളി മുസ്ലിം ഓർഫനേജിന്റെ മനേജർ എം.ബാവ സർ പരിപാടിയുടെ തീം സോങ്ങ് പ്രകാശനം ചെയ്തു. കോളേജിലെ രണ്ടു വർഷ വിദ്യാർത്ഥികളേയും കലിംഗ, ജിംഗാലാലാ, ഊരാളി, ബിംബ്ലോട്ടിക്ക എന്നിങ്ങനെ നാല് ഗ്രൂപ്പുകളാക്കി തിരിച്ചിരുന്നു. പരിപാടിയുടെ രണ്ടാം ദിവസവും വളരെ ആവേശത്തോടെയാണ് വിദ്യാർഥികൾ മാറ്റുരച്ചത്.

## ക്ലബ്ബ് പ്രവർത്തനങ്ങൾ:

കോളേജിലെ വിവിധ പ്രവർത്തനങ്ങളിൽ യൂണിയനോടൊപ്പം നിന്ന ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്. എല്ലാ ക്ലബ്ബുകളും വൈവിധ്യമാർന്ന പരിപാടികൾ കൊണ്ട് അവരുടെ സജീവ സഹകരണം ഉറപ്പ് വരുത്തിയിരുന്നു.

**നേച്ചർ ക്ലബ്ബ്:**

വർഷം മുഴുവൻ നീണ്ടുനിന്ന 'ക്യാമ്പസ് ബ്യൂട്ടിഫിക്കേഷൻ' എന്ന പരിപാടിയിലൂടെ വിവിധ തരം ചെടികൾ കൊണ്ട് ക്യാമ്പസിനും പരിസരപ്രദേശങ്ങൾക്കും നിറം പകരാൻ നേച്ചർ ക്ലബ്ബിന് സാധിച്ചിട്ടുണ്ട്. ജന്മദിനം, വിവാഹ വാർഷികം തുടങ്ങിയ എല്ലാ സന്തോഷാവസരങ്ങളിലും കോളേജിലേക്കൊരു ചെടി എന്ന പദ്ധതി തുടങ്ങിവെച്ചത് നേച്ചർ ക്ലബ്ബ് ആണ്. അതൊരു വൻവിജയമായിരുന്നു എന്നത് കൂടാതെ ക്യാമ്പസിനെ പ്രകൃതിസൗഹൃദ ഇടമാക്കി മാറ്റാനും നേച്ചർ ക്ലബ്ബിനു കഴിഞ്ഞു. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടുപിടിപ്പിച്ചും ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തിൽ പരിസര ശുചീകരണം നടത്തിയും 'കിളികൾക്കൊരു നീർക്കുടം' എന്ന പദ്ധതിയിലൂടെയും നേച്ചർക്ലബ്ബ് അവരുടെ പ്രവർത്തനങ്ങളിൽ സജീവമായി നിന്നിരുന്നു. ഇതിനെല്ലാം ചുക്കാൻ പിടിച്ചത് സ്റ്റുഡന്റ് പ്രതിനിധിയായ ജിതിൻ ചന്ദ്രനും അദ്ധ്യാപിക നിഷിതമിസ്സും ചേർന്നാണ്.

**സയൻസ് ക്ലബ്:**

സയൻസുമായി വിദ്യാർത്ഥികളെ കൂടുതൽ അടുപ്പിക്കുക, നിത്യജീവിതത്തിലും നാടിന്റെ പുരോഗതിയിലും ശാസ്ത്രത്തിന്റെ പങ്ക്




മനസ്സിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സയൻസ് ക്ലബ്ബ് അവരുടെ പരിപാടികൾക്ക് തുടക്കം കുറിച്ചത്. ലിൻജിനാ മിസ്സിന്റെയും വിദ്യാർത്ഥി പ്രതിനിധി സുനൈന ബീവിയുടെയും നേതൃത്വം 2018-19 സയൻസ് ക്ലബ്ബിന്റെ പരിപാടികൾക്ക് പകിട്ടേകി. 'വൺ ഡേ വൺ ക്വിസ്' എന്ന പുതിയ ആശയം അസംബ്ലിയിൽ അവതരിപ്പിച്ചത് ഈ ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായാണ്. കൂടാതെ ഓസോൺ ദിനാചരണം, മേരിക്യൂറി ജന്മദിനം, എക്സിബിഷൻ, ഡാർക്ക് റൂം തുടങ്ങിയ പരിപാടികൾ നടത്തി. ഇതിലെല്ലാം വിദ്യാർത്ഥികൾക്ക് വേണ്ടി വിവിധ മത്സരപരിപാടികൾ ഉൾപ്പെടുത്തിയിരുന്നു.

**ലിറ്ററി ക്ലബ്:**
അദ്ധ്യാപക വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചി പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ച ലിറ്ററി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ, ജോത്സ്ന മിസ്സിന്റെയും വിദ്യാർഥി പ്രതിനിധി ആഷ്‌ലി മാത്യുവിന്റെയും നേതൃത്വത്തിൽ വളരെ നല്ല രീതിയിൽ മുന്നോട്ടു പോയി. വ്യത്യസ്തമായ പരിപാടികളിലൂടെ വിദ്യാർത്ഥികളിൽ കൗതുകം ജനിപ്പിക്കാൻ ഈ ക്ലബ്ബിന് സാധിച്ചു. സംവാദം (377 Act), ഫോട്ടോഗ്രഫി മത്സരം, JAM (Just a minute), വിവിധ രചനാ മത്സരങ്ങൾ, ബഷീർ ദിനം (നാടകാഭിനയം, കവിത രചനാ മത്സരം, ലൈബ്രറിയിലേക്കുള്ള പുസ്തക സമാഹരണം), രചയിതാക്കളെ ഓർമ്മപ്പെടുത്തൽ തുടങ്ങിയവ ലിറ്ററി ക്ലബ്ബിന്റെ കീഴിൽ നടന്ന പ്രവർത്തനങ്ങളാണ്.

**മാത്സ് ക്ലബ്ബ്:**
'ട്രപീസിയം' എന്ന പേരിൽ കോളേജിൽ ഉണർന്നു പ്രവർത്തിച്ചിരുന്ന ക്ലബ്ബാണ് മാത്സ് ക്ലബ്ബ്. കണിശക്കാരനായ കണക്കിൽ നിന്ന് കൗതുകങ്ങൾ ഉണർത്തുന്ന കണക്കിനെ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്നതിൽ മാത്സ് ക്ലബ്ബ് നടത്തിയ പ്രവർത്തനങ്ങൾ സമ്പൂർണ്ണവിജയം ആയിരുന്നു. ഇതിനു ചുക്കാൻ പിടിച്ചത് ഷംന മിസ്സും സ്റ്റുഡന്റ് കോഡിനേറ്റർ ഷാഹിദ് റംസാനും ആണ്. ട്രഷർ ഹണ്ട് 'പൈ' ദിനത്തിൽ നടത്തിയ പൈ (പപ്പടം) തീറ്റ മത്സരം, ക്വിസ് മത്സരം തുടങ്ങി ഒട്ടനവധി പരിപാടികളിലൂടെ വിദ്യാർത്ഥികളിൽ ആകാംക്ഷ നിലനിർത്താൻ ക്ലബ്ബിന് സാധിച്ചു.

**സോഷ്യൽ സയൻസ് ക്ലബ്ബ്:**
ഒക്ടോബർ 2, ഗാന്ധിജയന്തി ദിനത്തിലാണ് സോഷ്യൽ സയൻസ് ക്ലബ്ബ് അവരുടെ പരിപാടികൾക്ക് തുടക്കം കുറിച്ചത്. വ്യത്യസ്തമായ രീതിയിൽ ഒരു പുരാവസ്തു പ്രദർശനം കോളേജ് ക്ലാസ് മുറികളിൽ വച്ചു നടത്തി. അന്നേ ദിവസം ഒരു ക്വിസ് മത്സരവും സംഘടിപ്പിച്ചു. റിപ്പബ്ലിക് ദിനത്തിൽ പതാക ഉയർത്തലും അതിനോടനുബന്ധിച്ച് ഔപചാരിക ചടങ്ങുകളും നടത്തി അതിനു ശേഷം അധ്യാപക വിദ്യാർഥികൾ ചേർന്ന് ഇന്ത്യയിലെ വൈവിധ്യമാർന്ന വേഷവിധാനങ്ങളിൽ സ്റ്റേജിൽ അണിനിരന്നു. സോഷ്യൽ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത് ഭവിനമിസ്സും വിദ്യാർത്ഥി പ്രതിനിധി രജ്മിതയുമാണ്.

**മീഡിയ ക്ലബ്ബ്:**
'ഹനേയ' എന്ന നാമധേയത്തിൽ അറിയപ്പെടുന്ന മീഡിയ ക്ലബ്ബിനെ മുന്നിൽ നിന്ന് നയിച്ചത് ഉമൈമത്ത് മിസ്സും, വിദ്യാർത്ഥി പ്രതിനിധി ഹരിതയുമാണ്. ഗാന്ധിജയന്തി ദിനത്തിലെ ഡോക്യുമെന്ററി പ്രദർശനവും പോസ്റ്റൽ ദിനത്തിലെ കത്തെഴുത്ത് മത്സരവും (പ്രിയപ്പെട്ട എഴുത്തുകാരന്) മീഡിയ ക്ലബ്ബിന്റെ പ്രധാന പരിപാടികളാണ്. കൂടാതെ കോളേജിൽ നടന്നിരുന്ന വിവിധ പരിപാടികളെ കുറിച്ചും വാർത്താ റിപ്പോർട്ടിംഗ് നടത്തി വന്നിരുന്നു.






KMO B.Ed COLLEGE KODUVAL
College Union Inauguration 2K18
KOMOREBI
sunlight filtering through trees
















# KMO COLLEGE OF TEACHER EDUCATION STUDENTS UNION 2018-2019

ചെയർമാൻ



എ.പി.എം ബഷീർ

വൈസ് ചെയർപേഴ്സൺ



അന്ന റൂഫസ്

ജന.സെക്രട്ടറി



റാസിന.കെ.

ജോ.സെക്രട്ടറി



നദ.കെ. സുബൈർ

യു.യു.സി



ഷാഹിദ് റംസാൻ

ഫൈൻ ആർട്സ് സെക്രട്ടറി



ആഷ്‌ലി മാത്യു

സ്റ്റുഡന്റ് എഡിറ്റർ



ദിൽറൂബ.എം


ജനറൽ ക്യാപ്റ്റൻ



സ്നേഹ നിതീഷ്

# KMO B.Ed Teachers & Staffs 2018-2020





KMO B.Ed 2018-2020 Batch



KMO B.Ed Social Science Batch 2018-2020



KMO B.Ed English Batch 2018-2020



KMO B.Ed Physical Science Batch 2018-2020



KMO B.Ed Mathematics Batch 2018-2020



എ.പി.എം
ബശീർ ഹുദവി
ചെയർമാൻ
സ്റ്റുഡന്റ്സ് യൂണിയൻ

# ഉപസംഹാരം

അം..

മാഷും ടീച്ചറുമാവാനുള്ള ഞങ്ങളുടെ രണ്ടു വർഷത്തെ ബി. എഡ് യാത്രയ്ക്കിടയിൽ അങ്ങിങ്ങായി കോറിയിട്ട ഇത്തിരി വരകളും വരികളുമാണ് അം.

മുന്നിലിരിക്കുന്ന കുഞ്ഞു വിദ്യാർഥികൾക്ക് അറിവിന്റെ മധുരം പകരവേ, മുമ്പേ പടിയിറങ്ങിയ ബാല്യത്തിന്റെ നന്മയും നിഷ്കളങ്കതയും ഞങ്ങളുടെ ഹൃദയത്തിലേക്ക് പല നേരങ്ങളിലായി കടന്നു വരാറുണ്ടായിരുന്നു. അവയുടെ പ്രതിഫലനമാണ് ഈ മാഗസിനിലെ രചനകൾ.

2018-19 യൂണിയന്റെ കീഴിൽ നടന്ന എല്ലാ പ്രവർത്തനങ്ങളും ആവേശകരവും വൈവിധ്യങ്ങൾ നിറഞ്ഞതുമായിരുന്നു...

ഈ മാഗസിനും...

കേരളത്തിലെ ബി.എഡ് കോളേജുകളിൽ നിന്ന് പുറത്തിറങ്ങുന്ന മാഗസിനുകളിൽ പോഡ് കാസ്റ്റ് സൗകര്യമൊരുക്കുന്ന ആദ്യത്തെ മാഗസിൻ ആണ് **അം** എന്നതിൽ അഭിമാനിക്കുന്നു.

കോവിഡും ലോക്ക്ഡൗൺ കാലവും അതിജീവിച്ചെത്തുന്ന ഈ അക്ഷരങ്ങൾക്കും ശബ്ദങ്ങൾക്കും ചിരകാല നന്മകൾ പടർത്താൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

കൂടെ നിന്നവരോടെല്ലാവരോടും സ്നേഹം..
നന്ദി..കടപ്പാടുകൾ...



Click or Scan for Podcast